LIGHTED TO LIGHTEN


# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക | 2018 ഒക്ടോബർ – ഡിസംബർ | ലക്കം: 11



## ഉൾക്കാഴ്ചയുടെ ഉണർവ്വോടെ...

# മേൽപ്പട്ടത്വ ശുശ്രൂഷയിൽ 25 വർഷം പൂർത്തീകരിച്ച അഭിവന്ദ്യ തിരുമേനിമാർക്ക് അടൂർ ഭദ്രാസനത്തിന്റെ ആശംസകൾ...



അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ



അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ



അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ



അടൂർ ഭദ്രാസന അസംബ്ലി ദൃശ്യങ്ങൾ



മുട്ടം ശാലേം മാർത്തോമ്മാ ഇടവകയുടെ 116-ാം ഇടവകദിനവും റവ. റ്റി.കെ. അലക്സാണ്ടർ തരകൻ പട്ടത്വരജതജൂബിലി ആഘോഷവും

ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക



# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ
എഡിറ്റോറിയൽ

8 ദൈവാലയ പരിസരത്തിലെ കാഴ്ചയും കുതിപ്പും
– റവ. ഡോ. ഷാം പി. തോമസ്

12 പഴമയുടെ സുഗന്ധമുള്ള പുതിയ മണവുമായി
– സീന ഏബ്രഹാം

19 പുതിയ ഘടനകളെ രൂപപ്പെടുത്തേണ്ടുന്ന സാക്ഷ്യം
– റവ. സാം ഏബ്രഹാം

21 പുനർജ്ജീവനം – സംഘടനയുടെയും സംഘാടനത്തിന്റെയും
– റവ. സജു ശമുവേൽ സി.

23 ആർദ്രത – പെയിൻ & പാലിയേറ്റീവ് മിഷൻ
– റവ. വൈ. അലക്സ്

25 ഒറ്റമൂലിക്കായുള്ള അന്വേഷണം
– സൈമൺ ചെറിയാൻ

27 മനുഷ്യന്റെ വില
– ഷൈനി തോമസ്

28 ചിന്താകുലങ്ങൾ
– പി. റ്റി. കുരുവിള, പന്തളം

പ്രസിഡന്റ്
**റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ് തരകൻ**
**ശ്രീ. കെ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ–691 523
Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/–**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ പ്രിയരെ,

കേരളം ഇന്നോളം നേരിട്ടിട്ടില്ലാത്ത പ്രളയം നമ്മുടെ കൊച്ചു സംസ്ഥാനത്തെ വല്ലാതെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അതിശക്തമായ മഴയും, ഡാമുകൾ എല്ലാം ഒന്നിച്ച് തുറക്കേണ്ടിവരികയും ചെയ്ത സാഹചര്യം പ്രളയത്തെ രൂക്ഷകരമാക്കി. അപ്രതീക്ഷിതമായ പ്രളയം നിരവധി ആളുകൾക്ക് ജീവഹാനിയും, വീടും സമ്പാദ്യങ്ങളും നഷ്ടപ്പെടുന്നതിനും കാരണമായി. ഉരുൾപൊട്ടലും മണ്ണിടിച്ചിലും ആവാസവ്യവസ്ഥിതിയെതന്നെ തകിടം മറിച്ചു. നിയന്ത്രണങ്ങൾ പാലിക്കാതെയുള്ള കെട്ടിടനിർമ്മാണങ്ങളും തണ്ണീർത്തടങ്ങൾ സംരക്ഷിക്കാതെയുമുള്ള വികസനപ്രവർത്തനങ്ങളും ഒരു പരിധിവരെ പ്രളയകാരണമായി പറയാവുന്നതാണ്. ഈ മഹാദുരന്തത്തിൽ ഏറെ സഹായകമായി പ്രവർത്തിച്ച മത്സ്യത്തൊഴിലാളികളെ എത്ര ശ്ലാഘിച്ചാലും മതിയാകില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സംവിധാനങ്ങളും, ഗവൺമെന്റേതര സഭാ-സാമുദായിക സംഘങ്ങളും സന്നദ്ധ സംഘടനകളും ഏറ്റെടുത്ത ധീരോദത്തമായ സേവനങ്ങൾ നന്ദിയോടെ ഓർക്കുന്നു. രക്ഷാദൗത്യം, ദുരിതാശ്വാസം, പുനരധിവാസം എന്നീ മൂന്ന് ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കിയെങ്കിൽ മാത്രമേ ഈ ആഘാതത്തിൽനിന്നും ഒരു നവകേരളം കെട്ടുപണി ചെയ്യുവാൻ സാധിക്കൂ. ഇതിനു വേണ്ടിവരുന്ന സാമ്പത്തിക-സമാഹരണം, രാഷ്ട്രീയ ഗൂഢലക്ഷ്യങ്ങൾക്കതീതമായി എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കി നിർവ്വഹിക്കേണ്ടതാണ്.

ഈ സംരംഭത്തിൽ നമ്മുടെ സഭയ്ക്കും വിവിധ ഭദ്രാസനങ്ങൾക്കും സംഘടനകൾക്കും ഏറെ പ്രവർത്തിക്കുവാൻ കഴിഞ്ഞു എന്നുള്ളത് ചാരിതാർത്ഥ്യത്തോടെ ഓർക്കുന്നു. നമ്മുടെ കൺവൻഷൻ നഗർ പത്തനംതിട്ട ജില്ലയുടെ മുഖ്യദുരിതാശ്വാസ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് സാധിച്ചു എന്നുള്ളത് ഏറെ സന്തോഷം നൽകുന്ന വസ്തുതയാണ്. അടൂർ ഭദ്രാസനമായി അനേക ഇടങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് കഴിഞ്ഞു. പന്തളം, വെട്ടിയാർ, ഐരാണിക്കുടി, ഏനാത്ത്, മണ്ണടി, മുട്ടം, കൈപ്പട്ടൂർ തുടങ്ങിയ പ്രദേശങ്ങളാണ് നമ്മുടെ ഭദ്രാസനപരിധിയിൽ വെള്ളപ്പൊക്കത്തിന്റെ പ്രയാസം നേരിട്ടിട്ടുള്ളത്. ആർക്കുംതന്നെ ജീവഹാനി നേരിട്ടില്ലാ എന്ന് ആശ്വസിക്കാം. ഏറെ നഷ്ടങ്ങൾ നേരിട്ടവർക്ക് സഹായഹസ്തം നീട്ടുവാൻ ഇടയാകണം. നമ്മുടെ മാർത്തോമ്മാ യുവജനസഖ്യം നല്ല നിലയിൽ അടൂർ യൂത്ത് സെന്റർ കേന്ദ്രീകരിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. നമ്മുടെ അനേകം യുവജനങ്ങളും, പട്ടക്കാരും ദിനരാത്രങ്ങൾ ഊണും ഉറക്കവും വെടിഞ്ഞ് ഇതിൽ പങ്കെടുത്തു എന്നതിൽ നമുക്ക് അഭിമാനിക്കാം. അവരുടെ നല്ല പ്രവർത്തനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുന്നു. പ്രളയത്തിൽ ബൈബിൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വേദപുസ്തകം നൽകുന്നതിന് ബൈബിൾ സൊസൈറ്റി കേരള ഓക്സിലറി തീരുമാനിച്ചത് ഏവരും പ്രയോജനപ്പെടുത്തുമല്ലോ.

നടപ്പ് സാമ്പത്തികവർഷത്തിന്റെ 6 മാസം പിന്നിട്ടു. തുടർന്നുവരുന്ന മാസങ്ങളിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ കാലേകൂട്ടി നിശ്ചയിച്ച് പ്രാർത്ഥനാപൂർവ്വം നടത്തുവാൻ ഏവരും ഉത്സാഹിക്കണം. ഈ വരുന്ന ഡിസംബർ 9-ാം തീയതി നടത്തുന്ന "സൃഷ്ടിക്കൊരു സങ്കീർത്തനം" എന്ന ക്രിസ്തുമസ് ഗാനസന്ധ്യ ഏവരുടെയും പങ്കാളിത്തത്തോടെ വിജയകരമായി നടത്തുവാൻ ഉത്സാഹിക്കണം. 2019 ജനുവരി 2 മുതൽ 6 വരെയുള്ള ദിവസങ്ങളിലാണല്ലോ നമ്മുടെ ഭദ്രാസനത്തിന്റെ 34-ാമത് കൺവൻഷൻ. കൺവൻഷന്റെ നടത്തിപ്പിന് വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ദൈവകൃപയാൽ തക്ക പ്രസംഗകരെ ഇതിനോടകം ലഭിച്ചുകഴിഞ്ഞു. കൺവൻഷന്റെ അനുഗ്രഹത്തിനായി ഏവരുടെയും നിരന്തര പ്രാർത്ഥന അപേക്ഷിക്കുന്നു. കൺവൻഷൻ ദിനങ്ങളിൽ ഇടവകകൾ മറ്റ് പരിപാടികൾ നടത്താതിരിക്കുവാനും എല്ലാവരുംതന്നെ ഭദ്രാസന കൺവൻഷൻ യോഗങ്ങളിൽ ആത്മാർത്ഥമായി പങ്കെടുക്കുവാനും ഉത്സാഹിക്കണം. 2019 ജനുവരി 26-ാം തീയതി ശനി

യാഴ്ച ഭദ്രാസനത്തിലെ മുഴുവൻ കുടുംബങ്ങളെയും പങ്കെടുപ്പിച്ച് "കുടുംബസംഗമം" നടക്കുന്നു. എല്ലാ കുടുംബങ്ങളും ഒരുങ്ങിവന്ന് സംബന്ധിക്കുമല്ലോ.

കലയപുരത്ത് ആരംഭിച്ചിരിക്കുന്ന നമ്മുടെ സ്കൂളിന് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ഒരു സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട പ്ലാനും പദ്ധതികളും തയ്യാറാക്കി മുന്നോട്ടുപോകുന്നു. പഞ്ചായത്തിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിന് താല്പര്യപ്പെടുന്നു. സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ സ്മരണ നിലനിൽക്കുന്ന ആ കുന്നിൻപുറത്ത് നടത്തിവരുന്ന സ്കൂൾ ഒരു ആത്മീകചൈതന്യം നിറഞ്ഞ സ്ഥാപനമായിരിക്കുമെന്നുള്ളതിന് സംശയമില്ല. ഈ സ്കൂൾ നിർമ്മാണത്തിൽ ഏതെങ്കിലും തരത്തിൽ സഹായിക്കുവാൻ താല്പര്യപ്പെടുന്നവർ ഭദ്രാസനവുമായി ബന്ധപ്പെടണമെന്ന് ഓർമ്മപ്പെടുത്തുന്നു. കൂടാതെ, പന്തളത്തും ശാസ്താംകോട്ടയിലുമുള്ള മാർത്തോമ്മാ സെന്ററുകൾ കാലോചിതമായി പരിഷ്കരിച്ച് കൂടുതൽ സൗകര്യപ്രദമാക്കുവാൻ ഭദ്രാസന അസംബ്ലി കൈക്കൊണ്ടിട്ടുള്ള തീരുമാനപ്രകാരം പ്രവർത്തനങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതാണ്. അവിടെ ലഭ്യമായിരിക്കുന്ന വിസ്തൃതമായ സ്ഥലസൗകര്യങ്ങൾ ആവശ്യക്കാർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

നമ്മുടെ അലൈൻ മാർത്തോമ്മാ ഇടവക പ്രത്യേകം താല്പര്യപ്പെട്ട് തറയിൽകടവ് മിഷൻ സെന്ററിൽ നിർമ്മിക്കുന്ന 'മിഷൻ വീട്' പണി ആരംഭിച്ചു. അതോടൊപ്പംതന്നെ ഒരു ചെറിയ ചാപ്പൽ നിർമ്മിക്കുന്നതിനും 2019-ലെ ഹാർവെസ്റ്റ് ഫെസ്റ്റിവലിലൂടെ സമാഹരിക്കുന്ന തുക അതിലേക്ക് നൽകുമെന്നും അറിയിച്ചിട്ടുണ്ട്. തുടർന്നുവരുന്ന വർഷങ്ങളിൽ മിഷൻ കോട്ടേജുകൾ നിർമ്മിക്കുന്നതിനും സഹായം വാഗ്ദാനം ചെയ്തിട്ടുള്ളത് ഏറ്റവും ശ്ലാഘനീയമാണ്. നമ്മുടെ അലൈൻ ഇടവകയുടെ ഈ താല്പര്യം മറ്റ് ഇടവകകൾക്കും ഒരു മാതൃകയായിത്തീരേണ്ടതാണ്.

മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ ശതാബ്ദി ആഘോഷപരിപാടികൾ ഭംഗിയായി പുരോഗമിക്കുന്നു. സാമൂഹ്യപ്രതിബദ്ധതയോടുകൂടെ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ ഏവരുടെയും ശ്രദ്ധാപൂർവ്വമായ പങ്കാളിത്തം ഉണ്ടാകണം. ഇടവകകളും സെന്ററുകളും തക്ക പരിപാടികളോടെ ശതാബ്ദി ആഘോഷം നടത്തേണ്ടതാണ്. കായംകുളം സെന്റർ സേവികാസംഘം, കായംകുളം ശാലേം ഇടവക കേന്ദ്രീകരിച്ച് നടത്തിയ ശതാബ്ദി ആഘോഷം പ്രത്യേക ശ്രദ്ധ ആകർഷിച്ചു. "A Rupee A Day' എന്ന പേരിൽ ശതാബ്ദിവർഷം നടക്കുന്ന വിഭവസമാഹരണ യത്നത്തിൽ പ്രായപൂർത്തിയായ എല്ലാ സ്ത്രീജനങ്ങളും പങ്കുകാരാകേണ്ടതാണ്. 2019 ഫെബ്രുവരി 9-ാം തീയതി മാരാമൺ മണൽപ്പുറത്ത് നടക്കുന്ന 'ലോക മാർത്തോമ്മാ വനിതാ സംഗമത്തിൽ' നമ്മുടെ ഭദ്രാസനത്തിലെ മുഴുവൻ സ്ത്രീജനങ്ങളും പങ്കെടുക്കുവാൻ കാലേകൂട്ടി ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

നമ്മുടെ സ്പിരിച്ചാലിറ്റി സെന്റർ കേന്ദ്രീകരിച്ച് നടക്കുന്ന കൗൺസിലിംഗ്, ഡി-അഡിക്ഷൻ ക്യാമ്പുകൾ, പെയിൻ ആന്റ് പാലിയേറ്റീവ് പരിശീലനങ്ങൾ, സമർപ്പിത യുവജനങ്ങളുടെ കൂടിവരവുകൾ, ലൈബ്രറി പ്രവർത്തനങ്ങൾ തുടങ്ങിയവ ഭംഗിയായി നടക്കുന്നു. നമ്മുടെ ഭദ്രാസന വികസനസംഘം ആവിഷ്കരിച്ചിരിക്കുന്ന "ഓണത്തിന് ഒരു നേന്ത്രക്കുല" എന്ന പദ്ധതിയുടെ 'വിളവെടുപ്പ് ഉത്സവം' 2018 സെപ്റ്റംബർ 12-ാം തീയതി മണ്ണടി മാർത്തോമ്മാ പള്ളിയിൽ നടക്കുകയുണ്ടായി. ഈ പദ്ധതിയിൽ നിന്നും വാഴവിത്തുകൾ ലഭിച്ചിട്ടുള്ളവർ വിളവിന്റെ അഞ്ചിലൊന്ന് വികസനസംഘത്തിന് നൽകണമെന്ന തീരുമാനം നടപ്പിലാക്കുവാൻ ഉത്സാഹിക്കണം. ഈ പദ്ധതി വരുംവർഷങ്ങളിലും കൂടുതൽ ഉത്സാഹത്തോടെ നടപ്പിലാക്കുവാൻ ഭദ്രാസന വികസനസംഘം തീരുമാനിച്ചിട്ടുണ്ട്. ഒരു കാർഷിക സംസ്കാരം നമ്മുടെ ജീവിതക്രമത്തിൽ സാംശീകരിക്കുന്നതിന് ഇത് സഹായകമായി ഭവിക്കണം.

അടുത്തുവരുന്ന ക്രിസ്തുമസ് കാലയളവ് പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസമേകുന്ന പദ്ധതികളിലൂടെ ആഘോഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ക്രിസ്തുമസിന്റെ ശാന്തിയും സമാധാനവും അപ്രകാരം ഏവർക്കും ലഭ്യമാകുവാൻ നാം പരിശ്രമിക്കണം. നാം പ്രവേശിക്കുവാൻപോകുന്ന 'ആഗമനകാലം' അർത്ഥപൂർണ്ണമായ വചനധ്യാനത്തിലൂടെയും ഒരുക്കത്തിലൂടെയും രക്ഷയുടെ സന്തോഷം ലോകത്തിന് പങ്കുവെയ്ക്കുവാൻ നമ്മെ പ്രാപ്തമാക്കട്ടെ. ഏവർക്കും സന്തോഷവും പ്രത്യാശയും നിറഞ്ഞ ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ,

Marpaulos+

ഹെർമ്മോൻ അരമന, അടൂർ
2018 ഒക്ടോബർ 1

**മാർ പൗലൊസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ......



**അ**ഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ കാലോചിതമായ നേതൃത്വം ഭദ്രാസനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് മുഖാന്തിരമായി ഭവിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

2018 ആഗസ്റ്റ് മാസം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ ഭയത്തോടെ ഓർക്കുന്ന ദിനങ്ങളാണല്ലോ. കേരളത്തിൽ അങ്ങോളമിങ്ങോളം വെള്ളപ്പൊക്കത്തിന്റെ കെടുതി ആഞ്ഞടിച്ചു. ജനങ്ങൾ ഒന്നായി ഈ ദുരന്തത്തിൽ കൈകോർത്ത് പ്രവർത്തിച്ചു. തുടർപ്രവർത്തനവും ഇനി ആവശ്യമാണ്. നമ്മുടെ സ്പിരിച്ച്വാലിറ്റി സെന്ററും കൺവൻഷൻ നഗറും സർക്കാരിന്റെ പ്രവർത്തങ്ങൾ ക്രോഡീകരിച്ച് പ്രവർത്തിക്കുന്നതിന് പ്രധാന സാധനശേഖരണ വിതരണസ്ഥലമായി നൽകുകയുണ്ടായി. ഭദ്രാസനവും ദുരന്തഭൂമിയിൽ എത്തിച്ചേർന്ന് സഹായങ്ങൾ നൽകി.

ജൂലൈ മാസം 8-ാം തീയതി ഭദ്രാസന അസംബ്ലി വളരെ ഭംഗിയായി നടന്നു. ഭദ്രാസന അസംബ്ലി അംഗങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും ഏറെ അനുഗ്രഹമായിരുന്നു. ജൂലൈ മാസം 13-ാം തീയതി ഭദ്രാസനത്തിലെ പട്ടക്കാർക്കും കുടുംബാംഗങ്ങൾക്കുമായി ഒരു ഏകദിന മീറ്റിംഗ് 'Making our Church, Family friendly' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തി. ആഗസ്റ്റ് മാസം 12-ാം തീയതി ഭദ്രാസനത്തിലെ ഇടവക ചുമതലക്കാർക്കായുള്ള മീറ്റിംഗ് നടന്നു. G.S.T, TDS ആദിയായ വിഷയങ്ങളെക്കുറിച്ച് സജീവമായ ചർച്ചയും നടന്നു. ചാർട്ടേർഡ് അക്കൗണ്ടന്റ് ശ്രീ. ഐപ്പ് ജോൺ, റവ. ജോർവിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

സെപ്റ്റംബർ 16-ാം തീയതി ഭദ്രാസനദിനമായി ക്രമീകരിച്ചു. എല്ലാ ഇടവകകളും തങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന തുക നൽകി ഇതിൽ പങ്കാളികളാകണമെന്ന് അറിയിക്കുന്നു. മാസംതോറും നടത്തിവരുന്ന ഉണർവ്വ് യോഗം, പെയിൻ ആന്റ് പാലിയേറ്റീവ് മീറ്റിംഗ് എന്നിവ നടന്നുവരുന്നു. ഡി-അഡീഷൻ ക്യാമ്പ് സെപ്റ്റംബർ 29-ന് ആരംഭിച്ചു.

മണ്ഡല പഠനവിഷയത്തെ ആസ്പദമാക്കിയുള്ള പഠനസമ്മേളനം നവംബർ 10-ന് ക്രമീകരിച്ചിരിക്കുന്നു. റവ.ഡോ. ജോസഫ് ഡാനിയേൽ നേതൃത്വം നൽകും. ഭദ്രാസനത്തിന്റെ ക്രിസ്തുമസ് പ്രോഗ്രാമായ 'സൃഷ്ടിക്കൊരു സങ്കീർത്തനം' ഡിസംബർ 9-ന് യൂത്ത് സെന്ററിൽവെച്ച് നടത്തുന്നു. ഭദ്രാസന കൺവൻഷൻ ജനുവരി 2 മുതൽ 6 വരെ നടത്തുവാനുള്ള ക്രമീകരണം ചെയ്തുവരുന്നു. വിശദമായ നോട്ടീസ് പിന്നാലെ നൽകുന്നതാണ്. ഏവരും പ്രാർത്ഥനയിൽ ഓർക്കണമേ. ജനുവരി 26-ന് ഭദ്രാസന കുടുംബസമ്മേളനവും നടത്തപ്പെടുന്നതാണ്.

ആഗസ്റ്റ് 16-ന് പുതിയ വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിക്ക് ഭദ്രാസനത്തിന്റെ ജന്മദിനാശംസകൾ.

ക്രിസ്തുമസിന്റെ നാളുകൾ അനുസ്മരിച്ചുകൊണ്ട് പുതിയ വർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

**റവ. വി. കുഞ്ഞുകോശി**

ഭദ്രാസന സെക്രട്ടറി



# കാലത്തിന്റെ കണ്ണീരൊപ്പാം....

**കു**ളിർതെന്നലിന്റെ മനം കവരുന്ന വർഷകാല ഓർമ്മകൾ മനസ്സിൽ സൂക്ഷിച്ചിരുന്ന മലയാളി വീക്ഷിച്ചത് മഴയുടെ രൗദ്രഭാവം. പ്രകൃതിയുടെ സംഹാരതാണ്ഡവത്തിൽ തകർന്നടിഞ്ഞത് ആയിരങ്ങളുടെ സ്വപ്നങ്ങളും സമ്പാദ്യങ്ങളും. കിട്ടിയതൊക്കെ കൈയ്യിലെടുത്ത് ദുരിതാശ്വാസക്യാമ്പിലേക്ക് ഓടിയവർ, വീടിന്റെ മുകൾതട്ടുകളിൽ അഭയം കണ്ടെത്തിയവർ, ചത്തുപൊങ്ങിയ വളർത്തുമൃഗങ്ങൾ, ഒറ്റപ്പെട്ടു കുടുങ്ങിപ്പോയവർക്കായുള്ള ഉറ്റവരുടെ സഹായാഭ്യർത്ഥനകൾ...

ഒരു മനുഷ്യായുസ്സിൽ മറക്കുവാൻ സാധിക്കാത്ത ഓർമ്മകളാണ് പ്രളയം സമ്മാനിച്ചത്.

വികലമായ ആസൂത്രണങ്ങളും വിഫലമായ പ്രവർത്തനങ്ങളും വീണ്ടുവിചാരമില്ലാത്ത നടപടികളും പ്രളയത്തിനു ശക്തി വർദ്ധിപ്പിച്ചു. അസാധാരണവും അപ്രതീക്ഷിതവുമായ ദുരന്തമായിരുന്നെങ്കിലും അടിയന്തരവും ആത്മാർത്ഥവും അതിവേഗത്തിലുള്ളതുമായ ഇടപെടലുകൾ അതിജീവനത്തിന്റെ വഴി തെളിയിച്ചു. സർക്കാരിന്റെയും സഭാ-സാമുദായിക സന്നദ്ധസംഘടനകളുടെയും സംഘടിതവും സജീവവുമായ പ്രവർത്തനം ദുരന്തത്തെ സധൈര്യം നേരിടുന്നതിന് സഹായമായി. തുടർന്നുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങളിലും ഈ സംഘബോധം അനിവാര്യമാണ്.

ഒരുമയില്ലാത്തതിന്റെ പേരിൽ ആരംഭിക്കാത്ത യാത്രകളും അവസാനിക്കാത്ത പദ്ധതികളും ഏറെയാണ്. തുടങ്ങിയിടത്തുതന്നെ നിൽക്കുന്നതോ നിൽക്കുന്നിടത്ത് അവസാനിപ്പിക്കുവാനോ ഉള്ളതല്ല ഈ പ്രയാണം. എവിടെയെങ്കിലും എത്തിച്ചേരുന്നതുമല്ല. മറിച്ച് എത്തേണ്ടിടത്ത് എത്തിച്ചേരുന്നതാണ് മികവ്. എന്തിനുവേണ്ടി ഇറങ്ങിയിരിക്കുന്നു എന്നുള്ള തിരിച്ചറിവാണ് ഓരോ യാത്രയും സുഗമവും സഫലവുമാകുന്നത്.

ബന്ധങ്ങളുടെ പവിത്രതയ്ക്ക് ഇക്കാലത്ത് ഏറെ മങ്ങലേറ്റിരിക്കുന്നു. വികലമായ കാഴ്ചപ്പാടുകളും വിവേകമില്ലായ്മയും അതിനു കാരണമമാകുന്നു. ബന്ധങ്ങളെപ്പറ്റി വ്യക്തമായ ഉൾക്കാഴ്ച എല്ലാ ഇടങ്ങളിലും അനിവാര്യമാണ്.

Our mystical relationship is always reflective - പ്രതിബിംബിക്കേണ്ട ആത്മീയ സൗഹൃദം

Our marital relationship is always responsive - പ്രതികരണമുള്ള വൈവാഹിക സൗഹൃദം

Our moral relationship is always respective - പരമാർത്ഥമായ ധാർമ്മിക സൗഹൃദം.

Our material relationship is always restrictive - പരിമിതപ്പെടേണ്ട ഭൗതീക സൗഹൃദം.

വചനത്തിന്റെ ആഴത്തിലൂടെ, കൂട്ടായ്മാബന്ധത്തിലൂടെ, നുറുക്കപ്പെടലിന്റെ അനുഭവത്തിലൂടെ, പ്രാർത്ഥനയുടെ ശക്തിയാൽ നമുക്ക് കൈകോർക്കാം. കാലത്തിന്റെ കരസ്പർശമാകുവാൻ കരുതലിന്റെ കാവൽക്കാരാകുവാൻ....

*റവ. പി.ജെ. തോമസ്*
*ചീഫ് എഡിറ്റർ*




# ദൈവാലയ പരിസരത്തിലെ കാഴ്ചയും കുതിപ്പും

അ. പ്രവർത്തികൾ 3:1–10

അപ്പൊസ്തോല പ്രവർത്തികളുടെ പുസ്തകത്തെ പരിശുദ്ധാത്മാതിവന്റെ പ്രവർത്തികളുടെ പുസ്തകം എന്നും വിശേഷിപ്പിക്കാറുണ്ട്. പരിശുദ്ധാത്മ നിയോഗിതയായ സഭകളുടെ വളർച്ചയും, വ്യാപനവും, വൈതരണികളും ഈ പുസ്തകത്തിൽ വിവരിക്കപ്പെടുന്നുണ്ട്. ആദിമസഭയുടെ ആന്തരികജീവിതവും പൊതുസമൂഹത്തിലെ സാക്ഷ്യവും എങ്ങനെ രൂപീകരിക്കപ്പെട്ടു എന്നുള്ളതിന്റെ സാക്ഷ്യപത്രമായും ഈ പുസ്തകത്തെ നമുക്ക് സമീപിക്കാം.

അ.പ്രവർത്തികൾ മൂന്നാം അദ്ധ്യായം, പരിശുദ്ധാത്മനിറവിൽ ആദിമസഭയിലെ അപ്പൊസ്തലന്മാരായിരുന്ന രണ്ടുപേർ നിർവ്വഹിച്ച സാക്ഷ്യത്തിന്റെ വിവരണമാണ്. ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ, ദൈവാലയത്തിനു വെളിയിൽ, പൊതുസമൂഹത്തിൽ സഭ ഏറ്റെടുക്കേണ്ട കാഴ്ചയും തൽഫലമായുണ്ടാകേണ്ട കുതിപ്പുമാണ് നമ്മുടെ ധ്യാനവിഷയം.

**1. സുവിശേഷ കാഴ്ചകൾ (Distinct Gaxe)**

ആദിമസഭാ നേതാക്കളിൽ ഉൾപ്പെട്ട പത്രോസും യോഹന്നാനും ഒരുമിച്ചു നടക്കുന്നത് പരാമർശിച്ചുകൊണ്ടാണ് മൂന്നാം അദ്ധ്യായം ആരംഭിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിലെ അവസാന അദ്ധ്യായങ്ങൾ പരിശോധിച്ചാൽ യേശുവിന്റെ ഉയിർപ്പിനും, സ്വർഗ്ഗാരോഹണത്തിനും ഇടയിലുള്ള കാലത്ത് ഇവർ ഇരുവർക്കും ഒരുമിച്ചു നടക്കുവാൻ കഴിയാതെ പോയവരാണ് എന്ന് അനുമാനിക്കേണ്ടിവരും. (യോഹ. 20:3–9, 21:20–22). എന്നാൽ, പരിശുദ്ധാത്മാവിന്റെ നിറവ് പെന്തെക്കോസ്തുനാളിൽ (അ.പ്ര. 2:1–42) ഉണ്ടായതിനുശേഷം ഈ രണ്ടു നേതാക്കന്മാരും ആരാധനയ്ക്കുവേണ്ടി ഒരുമിച്ചു നടക്കുന്നവരായിട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.



റവ.ഡോ. ഷാം. പി. തോമസ്
ഏനാത്ത് മാർത്തോമ്മാ ചർച്ച്

സഭാനേതാക്കൾ ഇന്നും അപൂർവ്വമായെങ്കിലും ഒരുമിച്ച് നടക്കാറുണ്ട്. എന്നാൽ, അതു മിക്കപ്പോഴും സ്വന്തം അവകാശങ്ങൾ സംരക്ഷിക്കുവാനും, സ്ഥാപിത താല്പര്യങ്ങൾ നേടിയെടുക്കുവാനും ആയിരിക്കും. ഇങ്ങനെ, പൊതുനിരത്തിൽ അണിനിരക്കുന്ന സഭാനേതാക്കൾക്ക് ഒരുമിച്ച് ഒരു ദൈവാലയത്തിൽ പ്രവേശിക്കുവാനോ ഒരുമിച്ച് വിശുദ്ധ കുർബ്ബാനയിൽ പങ്കുകാരാകാനോ, സാക്ഷ്യം നിർവ്വഹിപ്പാനോ യേശുവിന്റെ ഉയിർപ്പും സ്വർഗ്ഗാരോഹണവും കഴിഞ്ഞ് 21 നൂറ്റാണ്ടായിട്ടും സാധിക്കാതെയിരിക്കുമ്പോൾ പത്രോസും യോഹന്നാനും ഒരുമിച്ച് നടക്കുന്നത് ഇന്നും ഒരു സുവിശേഷ കാഴ്ചയാണ്.

പത്രോസും യോഹന്നാനും ദൈവാലയ പരിസരത്തിൽ ഒരു സുവിശേഷ കാഴ്ച കാണുന്നു. ദൈവാലയത്തിലേക്കു പോയ അപ്പോസ്തലന്മാരുടെ നോട്ടം ദൈവാലയത്തിലല്ല, അതിന്റെ പരിസരത്തിലാണ്. “സുന്ദരം” എന്നു നാമകരണം ചെയ്യപ്പെട്ടിരുന്ന ദൈവാലയ ഗോപുരത്തിങ്കൽ അവർ ഒരു മുടന്തനെ കാണുന്നു. പേരും പെരുമയുമുള്ള ഗോപുരത്തിനു താഴെ പേരില്ലാത്തൊരു മനുഷ്യൻ. മുടന്തുള്ള അവന്റെ ശരീരം തന്നെ ഒരു ചോദ്യചിഹ്നം പോലെ വളഞ്ഞതാണ്. ‘സുന്ദരം’ എന്ന ദൈവാലയഗോപുരത്തിനു താഴെ അത്ര സുന്ദരമല്ലാത്ത ജീവിതവും ശരീരവുമുള്ള മനുഷ്യനെ അവതരിപ്പിക്കുന്നതിലും ഒരു വിരോധാഭാസം തോന്നാം. പലപ്പോഴും ദൈവാലയങ്ങളുടേയും, ആരാധനാസ്ഥലങ്ങളുടേയും പേരുകൾ അതിന്റെ ചുറ്റുവട്ടങ്ങളിൽ പോലും അർത്ഥവത്താകുന്നില്ല എന്നതാണ് ഒരു വൈരുദ്ധ്യം.

മുടന്തനായ മനുഷ്യന് ദൈവാലയ പരിസരത്ത് ഇരിക്കാം, എന്നാൽ ദൈവാലയത്തിനുള്ളിൽ പ്രവേശിക്കാൻ അവകാശമില്ലായിരുന്നു. ഔദാര്യം സ്വീകരിക്കാം; അവകാശങ്ങൾ ഒന്നുമില്ല. ഇത്തരമൊരു ദുരവസ്ഥയ്ക്കു കാരണം അയാളുടെ പിറവിയാണ്. ജന്മനാ മുടന്തനായിപ്പോയ ആൾ അയാളുടേതല്ലാത്ത കുറ്റത്തിന്റെ പേരിൽ വിവേചനം അനുഭവിക്കേണ്ടിവരുന്നു. The accident of birth had become determining and discriminating factor for him. ഇന്നും ജന്മനാ ഭിന്നശേഷിയുള്ളവർ, തളർന്നുപോയവർ, അവശതയനുഭവിക്കുന്നവർ, ഔദാര്യം വാങ്ങാൻ മാത്രം അർഹതയുള്ളവരെന്നു മുദ്രകുത്തപ്പെട്ടു നമുക്കു ചുറ്റും പാർക്കുന്നുണ്ട്. ജന്മത്തിന്റെ പേരിൽ മാത്രം കുറച്ചുപേർക്ക് മുന്തിയ പരിഗണനയും ഏറെപ്പേർക്ക് അവഗണനയും സമ്മാനിക്കുന്ന ജാതിവ്യവസ്ഥ ഇന്നും നമുക്കിടയിൽ നിർബാധം തുടരുന്നു. ജനനം എന്നത് ലോകത്തിലേക്കുള്ള പ്രവേശനമാകണം, അസമത്വത്തിന്റെ വെച്ചുകെട്ടലാകരുത്.

ജന്മനാ മുടന്തനായ ഒരു മനുഷ്യന് ഭിക്ഷക്കാരൻ ആകാൻ മാത്രം വഴിയൊരുക്കുന്ന സാമൂഹ്യ വ്യവസ്ഥയിൽ ഒരു വ്യതിരിക്തമായ നോട്ടം അനിവാര്യമായി വരുന്നു. ദൈവാലയഗോപുരത്തിൽ ഇരുത്തപ്പെട്ട മുടന്തന്റെ മുൻപിലൂടെ പലരും ആരാധനയ്ക്കു പോയിക്കാണും. ചിലർ അയാളെ സഹതാപത്തോടെ, സഹാനുഭൂതിയോടെ നോക്കുകയും ഭിക്ഷ നൽകി സഹായിക്കുകയും ചെയ്തുകാണും. മറ്റു ചിലർ നിർദയരായി, നിസംഗരായി നോക്കിയിട്ട് പോയിക്കാണും. വേറെ ചിലർ ഇങ്ങനെയൊരാൾ അവിടെയിരിക്കുന്നതു ശ്രദ്ധിച്ചുപോലും കാണില്ല. എന്നാൽ പത്രോസും യോഹന്നാനും ഇവരിൽനിന്നൊക്കെ വ്യത്യസ്തമായി അവനെ ഉറ്റുനോക്കി. ഔദാര്യത്തിന്റെയോ, അവഗണനയുടെയോ നിസംഗതയുടെയോ നോട്ടങ്ങൾക്കു ബദലായി അവരുടെ ഉറ്റുനോട്ടം ഒരു സുവിശേഷ കാഴ്ചയാണ് (Distinct Gaze) അടയാളപ്പെടുത്തുന്നത്.

നാം എന്തു കാണുന്നു എന്നത്, നാം എവിടെ നിൽക്കുന്നു, എങ്ങനെ നോക്കുന്നു, ഏതുതരം കണ്ണടകൾ ഉപയോഗിക്കുന്നു എന്നതിനെയൊക്കെ ആശ്രയിച്ചിരിക്കും. എന്നും, ഒരിടത്തായിരിക്കുന്നവർ പോലും ഒരേപോലെ കാണുന്നില്ല എന്നു Robert McAfee Brownഎന്ന ദൈവശാസ്ത്ര പണ്ഡിതൻ നിരീക്ഷിച്ചിട്ടുണ്ട്. “മഞ്ഞപ്പിത്തം ബാധിച്ചവന് എല്ലാം മഞ്ഞയായിത്തോന്നും” എന്ന നാട്ടുമൊഴിയും ഇതോടുചേർത്തു വായിക്കാം. എന്നാൽ നാം എന്തു കാണുന്നു, എന്തിലേക്കു ഉറ്റുനോക്കുന്നു എന്നത് നാം എന്തു കാണ്മാൻ ആഗ്രഹിക്കുന്നു എന്നതിന്റെ കൂടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുന്നത്. നാം കാണാൻ ആഗ്രഹിക്കുന്നതിനെയാണ് നാം മിക്കപ്പോഴും കാണുന്നത്. “ഒരുവനെത്തന്നെ നിനച്ചിരുന്നാൽ വരുന്നവനെല്ലാം അവനെന്നു തോന്നും” എന്ന മൊഴി ഇതിന്റെ സാധൂകരണമാണ്. കാഴ്ച പ്രതിബദ്ധതയുടെ ആവിഷ്കാരമാണ്.

നാം ആരെയാണ് കാണുന്നത്, ആരെയാണ് ഉറ്റുനോക്കുന്നത് എന്നത് നമ്മുടെ വിശ്വാസത്തിന്റെയും, മുൻഗണനാക്രമത്തിന്റെയും വെളിപ്പെടുത്തലാണ്. ആദായത്തിന്റെയും, നിസ്സഹായതയുടെയും, ചൂഷണത്തിന്റെയും ഇരകളായിത്തീരുന്നവരെ നാം കാണാതെപോകുന്നുണ്ടോ, കാണാത്തതായി നടിക്കുന്നുണ്ടോ? അതോ ഉറ്റുനോക്കുന്നുണ്ടോ?

നമ്മുടെ കൺമുമ്പിൽ ഉണ്ടായിരുന്നിട്ടും, കുറച്ചുവർഷങ്ങൾക്കു മുൻപുവരെയും, നാം കാണാതെ പോയവരോ, കണ്ടതായി നടിക്കാത്തവരോ, നിസംഗരായി നോക്കിയവരോ ആണ് ട്രാൻസ്ജൻഡേഴ്സ്. അഭിവന്ദ്യ ഏബ്രാം മാർ പൗലൊസ് തിരുമേനി ഡൽഹി ഭദ്രാസനാദ്ധ്യക്ഷനായി ശുശ്രൂഷ ചെയ്യുമ്പോഴാണ് സഭയുടെ നോട്ടം ആദ്യമായി അവരിൽ പതിഞ്ഞത്. ഇപ്പോൾ അത് ആകമാന മാർത്തോമ്മാ സഭയുടെ സുവിശേഷ നോട്ടമായി പരിണമിക്കുന്നു എന്നതിൽ ദൈവത്തിന് സ്തോത്രം ചെയ്യുകയും, അതിൽ പങ്കുചേരുകയും ചെയ്യാം.

ഇന്നും അനേകർ ജന്മം കൊണ്ടും ജന്മദേശം കൊണ്ടും വ്യത്യസ്തരായിരിക്കുന്നവർ പേരും പെരുമയും ഉള്ള നമ്മുടെ ദൈവാലയ പരിസരങ്ങളിൽ ചോദ്യചിഹ്നമായി നിൽക്കുന്നില്ലേ? അന്യ ഭാഷാ തൊഴിലാളികളെപ്പോലുള്ളവരെ നാം സഭയായി ഉറ്റുനോക്കേണ്ടതല്ലേ? Who are the vulnerable people who remain invisible and/or ignored in our church vicinity? കൺവെട്ടത്തിൽ കാണാതെ കിടന്നവനെ ഉറ്റുനോക്കുന്നതാണ് സുവിശേഷ കാഴ്ച. കണ്ണിൽപ്പെടണം എന്നു മാത്രം ആഗ്രഹിച്ചവന് കാഴ്ചയുടെ വിരുന്നൊരുക്കുന്നതാണ് വ്യതിരിക്ത നോട്ടം.

**2. സുവിശേഷ ഭാഷണം (Devoted Gab)**

സവിശേഷമായ കാഴ്ച അപ്പൊസ്തലന്മാരെ സുവിശേഷമായൊരു ഭാഷണത്തിനു പ്രേരിപ്പിക്കുന്നു. പത്രോസും യോഹന്നാനും ഭിക്ഷക്കാരനായ മുടന്തനെ ഉറ്റുനോക്കി, “ഞങ്ങളെ നോക്കൂ” എന്നു പറഞ്ഞു. തങ്ങളുടെ കണ്ണുകളിൽ നോക്കാനുള്ള ക്ഷണമാണ് അവർ നടത്തുന്നത്. ആരുടെയെങ്കിലും കണ്ണിൽപ്പെടണം, അവർക്കു കനിവു തോന്നണം, തനിക്കെന്തെങ്കിലും കിട്ടണം എന്നൊക്കെ മാത്രമേ ഈ മുടന്തൻ ഇതുവരെയും ചിന്തിച്ചിരുന്നുള്ളൂ. അല്ലെങ്കിൽതന്നെയും, ദാനമോ ഭിക്ഷയോ സ്വീകരിക്കേണ്ടിവരുന്നവർക്ക് ദാതാവിന്റെ കണ്ണിൽ നോക്കാനുള്ള അവകാശം ഇല്ലല്ലോ. അഥവാ നോക്കിയാൽ പോലും അവന്റെ കണ്ണിൽ ദയ അപേക്ഷിച്ചുകൊണ്ട് ഒരിറ്റുകണ്ണീർ എങ്കിലും ഉണ്ടാവുകയും വേണം. ഇതിനു ബദലായി അപ്പൊസ്തലന്മാരുടെ ക്ഷണം രണ്ടുതരത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഒന്നാമതായി, ഇതു ബന്ധം സ്ഥാപിക്കുവാനുള്ള ക്ഷണമാണ്. ബന്ധങ്ങൾ പൊതുവെയും ആരംഭിക്കുന്നത് നോട്ടത്തോടുകൂടെയാണ്; കണ്ണിൽ നോക്കിയാണ്. കണ്ണിൽ നോക്കാതെ സംസാരിക്കുന്നത് കള്ളലക്ഷണമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യാം. മാനുഷികബന്ധത്തിലേക്കുള്ള ക്ഷണമാണ് അപ്പോസ്തലന്മാർ ഭിക്ഷക്കാരനായ മുടന്തനു നൽകുന്നത്. ഇത് പുതിയൊരു ബന്ധത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ, അവകാശത്തിന്റെ തുടികൊട്ടലാണ്. രണ്ടാമതായി, ആദിമസഭയുടെ നേതാക്കളായ പത്രോസും യോഹന്നാനും അതിരുകളിൽ തള്ളപ്പെട്ടുകിടന്ന ഒരുവന്റെ മുൻപിൽ നിന്നുകൊടുക്കുകയാണ്. തങ്ങളെ വിലയിരുത്തുന്നതിനും, വിമർശിക്കുന്നതിനുമുള്ള സാധ്യതകളാണ് അവർ തുറന്നിടുന്നത്. ഇത് അവരോട് ആരും ആവശ്യപ്പെടുകയോ, നിർബന്ധിക്കുകയോ ചെയ്തിട്ടുമില്ല. It is a willingness of the church to be scrutinized by the people of the margin when it was not mandatory.

‘ഞങ്ങളെ നോക്കൂ’ എന്നു പറഞ്ഞുകൊണ്ട് ഒരു സുവിശേഷഭാഷണത്തിന്റെ മുഖവുരയാണ് അപ്പോസ്തലർ നടത്തുന്നത്. ഇത് പ്രതീക്ഷയുണർത്തുന്ന നോട്ടവും ഭാഷണവുമാണ്. മാർത്തോമ്മാ സഭ ഇന്ന് ആരോടാണ് “ഞങ്ങളെ നോക്കൂ” എന്നു പറയുന്നത്? ആരിലാണ് നമ്മുടെ സഭ പ്രതീക്ഷയുണർത്തുന്നത്?

തീർച്ചയായും, മുടന്തൻ പ്രതീക്ഷിച്ചതല്ല, അപ്പോസ്തലർ നൽകുന്നത്. എന്നാൽ പുതിയൊരു ഭാഷണം അവിടെ സംഭവിക്കുന്നു. ആർജ്ജനത്തിന്റെ ഭാഷയിൽ നിന്നും ആർജ്ജവത്തിന്റെ ഭാഷയിലേക്ക് അവർ പ്രവേശിക്കുന്നു.

അപ്പോസ്തലന്മാർക്കും മുടന്തനും ഒരു കാര്യത്തിൽ സാമ്യമുണ്ട്; രണ്ടുപേർക്കും പണമില്ല. ശിഷ്യന്മാർക്കില്ലാത്തതും അവർക്കു വേണ്ടാത്തതും ‘പൊന്നും, വെള്ളി’യുമാണ്; മുടന്തനില്ലാത്തതും, എന്നാൽ കിട്ടുമെന്നു പ്രതീക്ഷിക്കുന്നതും ‘പൊന്നും വെള്ളി’യുമാണ്.

എന്നാൽ ധനത്തിന്റെ ഭാഷയിൽനിന്നും വിശ്വാസത്തിന്റെ ഭാഷയിലേക്ക് അപ്പോസ്തലന്മാർ അവരുടെ ഭാഷണത്തെ നയിക്കുന്നു.

They are not talking about stock exchange but the ‘exchange’ of the saviour. യേശു എന്ന സവിശേഷനാമമാണ് അവരുടെ സുവിശേഷഭാഷണം.

ഇന്നസന്റ് മൂന്നാമൻ മാർപ്പാപ്പായും വിശ്രുത ദൈവശാസ്ത്രജ്ഞൻ തോമസ് അക്വിനായും തമ്മിലുള്ള ഒരു സംഭാഷണം ഏറെ പരിചിതമെന്നു കരുതുന്നു. അക്വിനാസ് മാർപാപ്പായുടെ കൊട്ടാരത്തിൽ ഏതുസമയത്തും കയറിച്ചെല്ലുവാൻ അനുവാദം ലഭിച്ചിരുന്ന ആളായിരുന്നു. ഒരിക്കൽ അദ്ദേഹം ചെല്ലുമ്പോൾ മാർപാപ്പ, ഭണ്ഡാരത്തിലെ സ്വർണ്ണവും, വെള്ളിയും പരിശോധിക്കുകയാണ്. ഇതു കണ്ട അക്വിനാസിനോട് മാർപാപ്പ: “നോക്കുക, വെള്ളിയും പൊന്നും ഞങ്ങൾക്കില്ല എന്നു സഭയ്ക്കു ഇനിയും പറയുവാൻ കഴിയുകയില്ല” എന്നു പറഞ്ഞുവത്രേ. ഉടൻ വന്നു, അക്വിനാസിന്റെ മറുപടിയും: “അതേ, പിതാവേ, നസറായനായ യേശുവിന്റെ നാമത്തിൽ എഴുന്നേറ്റു നടക്ക എന്നും സഭക്കിനിയും ആരോടും പറയുവാൻ കഴിയുകയില്ല.”

സഭ സംസാരിക്കേണ്ടത് നസറായന്റെ നാമമാണ്. കൈ നിവർത്തേണ്ടത് കരം പിടിക്കാനാണ്; കാശു വാങ്ങാനല്ല.

**3. ശാക്തീകരണ സൗഹൃദം (Daring Grip)**

നസറായനായ യേശുവിന്റെ നാമത്തിൽ, പത്രോസും യോഹന്നാനും മുടന്തന്റെ കൈപിടിച്ചു. അവന്റെ കാലും നരിയാണിയും ഉറച്ചു. അപ്പോസ്തലന്മാരുടെ സൗഹൃദവും കൂട്ടായ്മയും അവനെ ശാക്തീകരണത്തിലേക്കു നയിച്ചു. അപ്പോസ്തലന്മാർ കൈനീട്ടിയത് ഔദാര്യം കാട്ടാനോ, പിച്ചപാത്രത്തിൽ നാണയത്തുട്ടുകൾ ഇട്ടുകൊടുക്കുവാനോ, അതിൽനിന്നും എടുക്കുവാനോ, അതുവഴി അയാളെ കൂടുതൽ അവശതയിലേക്കു തള്ളിനീക്കുവാനോ അല്ല. അവർ അവന്റെ കൈ പിടിച്ചു നയിച്ചത് പുതിയ ഒരു അവകാശത്തിലേക്കാണ്. പഴയനിയമവ്യവസ്ഥ അനുസരിച്ച് മുടന്തന് പുരോ

ഹിതനാകാനോ, ദൈവാലയത്തിൽ പ്രവേശിക്കുവാനോ അനുവാദവും അവകാശവും ഉണ്ടായിരുന്നില്ല.അവന് പ്രവേശനം നിഷേധിക്കപ്പെട്ടിടത്ത് ഉറച്ച കാൽവെയ്പുകളോടെ പ്രവേശിക്കാനുള്ള ബലമാണ് അപ്പോസ്തലന്മാർ യേശുവിന്റെ നാമത്തിൽ അയാൾക്കു നൽകുന്നത്. ഇതൊരു പുതിയ ദൈവാനുഭവവും ആദ്ധ്യാത്മികതയുമാണ്. അവൻ നടന്നും തുള്ളിയും ദൈവത്തെ സ്തുതിച്ചും കൊണ്ട് ദൈവാലയത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ ജനനത്തിന്റെ പേരിൽ ഇരയാക്കപ്പെട്ടവൻ പിച്ചക്കാശിനുപകരം പുതിയൊരു പദവിയാണ് ലഭ്യമായിത്തീരുന്നത്.

കാലിടറുന്നവരുടെ കൈപിടിക്കുന്നതാണ് ശാക്തീകരണ സൗഹൃദം. ജനനം മുതൽ കാലിടറിപ്പോയവർ ഉണ്ടാകാം. ശീലദോഷം കൊണ്ട് കാലിടറുന്നവർ ഉണ്ടാകാം. മറ്റു പല കാരണങ്ങളാൽ സ്വന്തം കാലിൽ നിവർന്നു നൽക്കാനോ, നേരെ നിൽക്കാനോ കഴിയാത്തവർ ഉണ്ടാകാം. നമ്മുടെ സ്പർശം അവരുടെമേൽ പതിയുന്നുണ്ടോ? അവരെ ശക്തീകരിക്കുന്നുണ്ടോ?

ഉറച്ച കാലടികൾ, യേശുവിന്റെ നാമത്തിൽ ലഭിച്ച മനുഷ്യനും, ആർജനത്തിന്റെ പ്രതീക്ഷകൾ വിട്ട്, വിശ്വാസത്തിന്റെ വായ്ത്താരി മുഴക്കുന്നതായി നാം വായിക്കുന്നു. അപ്പോസ്തലന്മാരോടൊപ്പം അവൻ ചേർന്നുനിന്നപ്പോൾ പുതിയൊരു വിശ്വാസകൂട്ടായ്മ പിറവിയെടുക്കുകയും, യേശുവിന്റെ നാമം, സുന്ദരം എന്ന ഗോപുരനാമത്തിനുമപ്പുറം മനോഹരമായി പ്രതിബിംബിക്കുകയും ചെയ്തു.

ദൈവാലയ പരിസരത്തിൽ സവിശേഷ കാഴ്ച, സുവിശേഷഭാഷണത്തിലേക്കും, ശാക്തീകരണ സൗഹൃദത്തിലേക്കും അപ്പോസ്തലന്മാരെ നയിച്ചതുപോലെ ദൈവം മാർത്തോമ്മാ സഭയേയും, അടൂർ ഭദ്രാസനത്തേയും വരുംകാലങ്ങളിൽ നയിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

കവിത



# നവയുഗത്തിലെ കൗമാരം



**അലീനാ ജോൺസൺ**
കലയപുരം ശാലേം മാർത്തോമ്മാ

കൗമാരങ്ങൾ നശിക്കുന്നു
മദ്യം, മയക്കുമരുന്ന്
എന്നീ ലഹരിഉല്പന്നങ്ങൾ
അവരെ കീഴടക്കിയിരിക്കുന്നു
ഇവയുടെ മായാവലയത്തിൽ
അകപ്പെട്ടുപോയ കൗമാരമേ
തിരിച്ചുവരൂ...
ആധുനികതയുടെ കവാടങ്ങളിൽ
ലഹരിയിലാഴ്ന്ന് അഹങ്കരിക്കുന്ന
മർത്യാ, നീ വരുംതലമുറയെ
കരുതാത്തതെന്ത്?
കൗമാരമനസ്സുകളെ പിന്നോട്ടുവലിക്കുന്ന
ലഹരിയുടെ അന്ത്യം എന്തേ
അടുത്തെത്താത്തത്?
മർത്യാ ഒന്നോർക്കുക നമ്മുടെ
ഭാവിതലമുറയെ
അവരും സന്തോഷമായ് ജീവിക്കട്ടെ
ഈ വെല്ലുവിളികളുടെ ലോകത്ത്
വായന മരിക്കുന്ന കാലഘട്ടം
എല്ലാത്തിനും ഇന്റർനെറ്റിനെ
ആശ്രയിക്കുന്ന ലോകം
ആരാണെന്നും ഏതാണെന്നും
നോക്കാതെ എന്തിനും
മുതിരുന്ന കൗമാരം
വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ
ഒരു മൂലയിൽ അടച്ചിരുന്ന്
കൈയ്യിൽ ഒരു ഫോണും
പിടിച്ച് നീക്കിക്കളിക്കാൻ
മാത്രം അറിയുന്ന കുട്ടികൾ
തന്റെ അയൽവാസി ആരെന്നോ,
കൂട്ടുകാർ ആരെന്നോ
അറിയാത്ത കാലഘട്ടം
ഫെയ്സ്ബുക്ക് ഫ്രണ്ട്സുമായി മാത്രം
ചാറ്റുന്ന കാലം
ഡൗൺലോഡിംഗ്സ് എല്ലാം ചെയ്തതിനുശേഷം
ലൈഫ് ബോറാണെന്ന് തോന്നിയാൽ
ഒരു മുഴം കയറിൽ
സ്വയമേ മേലോട്ട് അപ്ലോഡ് ചെയ്യുന്ന
ബാല്യങ്ങൾ
കൂട്ടുകാരുമൊത്ത് ചിരിച്ച്, കളിച്ച്
വഴക്കുംകൂടി നടന്ന കൗമാരങ്ങൾ
എവിടെപ്പോയി?
മടങ്ങിവരാൻ പറ്റാത്ത
അന്ധതമസ്സുകളിൽ അവ
പൊയ്പ്പോയോ...?????



**സീന ഏബ്രഹാം**
**സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്**
**കറ്റാനം**

മാർത്തോമ്മാ സുവിശേഷ സേവികാസംഘം അതിന്റെ പ്രവർത്തനപന്ഥാവിൽ ഒരു ശതാബ്ദം പിന്നിടുന്നു. പിന്നിട്ട നൂറ് സംവത്സരത്തിൽ വ്യാപരിച്ച ദൈവീക പരിപാലനയ്ക്കായി നന്ദിയർപ്പിക്കുന്നതിനും കഴിഞ്ഞ കാലങ്ങളിൽ ശക്തമായ നേതൃത്വം നൽകിയ സ്ത്രീരത്നങ്ങളെ ഓർത്ത് ദൈവസന്നിധിയിൽ സ്തോത്രം അർപ്പിക്കുന്നതിനുമുള്ള ഒരു വലിയ അവസരമാണ് ശതാബ്ദിയാഘോഷങ്ങൾ, ഒപ്പം അടുത്ത ശതകാലത്തിലേക്കുള്ള നവീന കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സമയവും.

സംഘം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ കാലാനുസൃതമായ നവദർശനങ്ങൾ ശതാബ്ദി നിറവിൽ ആയിരിക്കുന്ന ഈ സംഘടനയ്ക്ക് പുതിയ നിറവും മാനവും നൽകുന്നു എന്നതിൽ നമുക്ക് ഏറെ അഭിമാനിക്കാം. അനേകം സഹായപദ്ധതികൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹാർദ്ദ പരിപാടികൾ, സാമൂഹ്യ പ്രതിബദ്ധതയോടെ രൂപം കൊടുത്തിരിക്കുന്ന 'സാക്ഷ്യ', യൗവ്വനത്തിന്റെ പ്രസരിപ്പും ഊർജ്ജസ്വലതയും സേവികാസംഘത്തിൽ ഉറപ്പാക്കുന്നതിന് രൂപീകരിച്ച യംഗ് വുമൺ ഫെല്ലോഷിപ്പ് മുതലായവ ഏറെ പ്രാധാന്യത്തോടെ നോക്കിക്കാണേണ്ടതാണ്. ഇവയുടെയെല്ലാം അർത്ഥവത്തായ പൂർത്തീകരണത്തിനായി പ്രാർത്ഥിക്കുകയും യത്നിക്കുകയും ചെയ്യാം.

ഒരു ആത്മവിചിന്തനത്തിനുള്ള അവസരമായി കൂടി ശതാബ്ദിയാഘോഷങ്ങൾ മാറേണ്ടതുണ്ട്. സേവികാസംഘം അതിന്റെ പ്രവർത്തന സരണികളിൽ പിന്നോക്കം പോയിരിക്കുന്നത് ഏതൊക്കെ മേഖലകളി



ലാണ് എന്നുള്ള തിരിച്ചറിവും നൂതനമേഖലകളെക്കുറിച്ചുള്ള അവബോധവും സംഘം പ്രവർത്തനങ്ങൾക്ക് പുതിയ ശതാബ്ദത്തിൽ കൂടുതൽ കരുത്തേകും എന്ന കാര്യത്തിൽ സംശയമില്ല. അപ്രകാരമുള്ള ഒരു എളിയ വിചിന്തനമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

**സേവികാസംഘം - കരുത്തുറ്റ സുവിശേഷ ദർശനം**

സുവിശേഷവേലയിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പങ്കുകാരാകണം എന്ന ഏബ്രഹാം മാർത്തോമ്മായുടെ ദീർഘവീക്ഷണത്തിന്റെ ഫലമായി രൂപംകൊണ്ട സേവികാസംഘത്തിന്റെ മുഖ്യ പ്രവർത്തനം 'സുവിശേഷപ്രവർത്തനങ്ങൾ' തന്നെ ആയിരുന്നു. മനുഷ്യന് കടന്നുചെല്ലുവാൻ തന്നെ പ്രയാസമേറിയ പ്രദേശങ്ങളിൽ പരിമിതമായ ജീവിതസാഹചര്യങ്ങളിൽ താമസിച്ച് (Resident Evangelist) അനേകം സേവിനിമാർ സുവിശേഷപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി തന്മൂലം അനേകം ആളുകൾ പ്രത്യേകിച്ച് സ്ത്രീകൾ ക്രിസ്തീയവിശ്വാസത്തിലേക്ക് കടന്നുവന്നതായി നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ഈ സേവിനിമാരുടെ ത്യാഗോജ്ജ്വാലവും വിശ്വാസതീഷ്ണതയോടെയും ഉള്ള പ്രവർത്തനങ്ങൾ ഈ തലമുറയിലെ സ്ത്രീകളായ നമ്മെ വെല്ലുവിളക്കുന്നതും സേവികാസംഘം പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്ന ഒന്നു തന്നെയാണ്. അതിപ്രധാന്യത്തോടെ നടപ്പാക്കിയിരുന്ന സുവിശേഷപ്രവർത്തനങ്ങൾക്ക് ഇന്നത്തെ തലമുറയിൽ ശോഭ മങ്ങിയതായി കാണുന്നില്ലേ? അപ്രകാരമുള്ള സുവിശേഷപ്രവർത്തനങ്ങൾക്ക് കരുത്ത് പകരാൻ ഇന്ന് നമുക്ക് ആകുന്നുണ്ടോ? അവിടെയൊക്കെ നാം പിന്നോക്കം പോയിരിക്കുന്നതായി മനസ്സിലാക്കാം.

Changing times demands new innovative ways of being in mission. നവീന സാങ്കേതികവിദ്യകളുടെ അർത്ഥപൂർണ്ണമായ ഉപയോഗം ഇതിന് നമ്മെ വളരെയധികം സഹായിക്കും. ഏത് പ്രദേശത്തുള്ള ജനങ്ങളുമായും സുവിശേഷം പങ്കുവയ്ക്കുന്നതിൽ ഇവയെ നമുക്ക് കൂടുതൽ ഫലപ്രദമായി പ്രയോജനപ്പെടുത്താം. മിഷൻഫീൽഡുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കേണ്ടത് അതിപ്രാധാന്യത്തോടെ നോക്കികാണേണ്ടതാണ്. സമൂഹമാധ്യമങ്ങളൊക്കെ ചിലപ്പോഴെങ്കിലും സഭയ്ക്കും വിശ്വാസതാൽപര്യങ്ങൾക്കും എതിരായുള്ള വാർത്തകൾ പ്രചരിപ്പിക്കുമ്പോഴും അമിത പ്രാധാന്യം നൽകുമ്പോഴും ഈ സാങ്കേതികവിദ്യകൾ കാര്യക്ഷമമായി ഉപയോഗിച്ചുതന്നെ നമ്മുടെ വിശ്വാസാചാരങ്ങൾ തലമുറകളിലേക്ക് കൈമാറാൻ നമുക്ക് സാധിക്കണം.

**സേവികാസംഘം-ആത്മീയ ഉന്നതിക്കും വ്യക്തിത്വ വികസനത്തിനും**

ആധുനികതയുടെ കുത്തൊഴുക്കിൽ ദൈവരാജ്യമൂല്യങ്ങളും വിശ്വാസപ്രമാണങ്ങളും തകിടം മറിയുന്നു പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ. കാലാനുസൃതമായ പഠനങ്ങളും ബോധവൽക്കരണവും ഈ മേഖലയിൽ ഏറ്റവും അനിവാര്യമായ ഒന്നാണ്. ദൈവവചനാധിഷ്ഠിതമായ പഠനങ്ങൾ, നമ്മുടെ വിശ്വാസാചാരങ്ങളേക്കുറിച്ചുള്ള ക്ലാസുകൾ, സംവാദങ്ങൾ, ഇവയെ കൂടുതലായി സംഘം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇവയോടൊപ്പം തന്നെ Social issue mission studies, climate justice studies, media education തുടങ്ങിയ വിഷയങ്ങളേക്കുറിച്ചുള്ള പഠനങ്ങൾ കേവലം ഉപരിപ്ലവമായി നടത്താതെ ആഴത്തിലുള്ള അന്വേഷണവും പഠനവും Kandamma Memorial Research Centre കേന്ദ്രീകരിച്ച് നടത്തപ്പെടുന്നത് സ്ത്രീകളെ കൂടുതൽ ബോധവതികളായി തീരുന്നതിന് ഉതകും. വ്യക്തിത്വവികസനത്തോടൊപ്പം തന്നെ ശരീരത്തേക്കുറിച്ചുള്ള സംവാദങ്ങളും വളരെ കൃത്യമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. ശരീരം അതിൽതന്നെ പാപമാണെന്ന വിവക്ഷവും ദൈവനിർമ്മിതമായ ശരീരത്തിലെ ചില പ്രക്രിയകൾ മലിനീകരിക്കപ്പെട്ടതാണ് എന്നും സ്ത്രീശരീരങ്ങളെക്കുറിച്ച് ആവർത്തിച്ച് പ്രഖ്യാപിക്കുമ്പോൾ അത് സഭയിലും സമൂഹത്തിലും 'ചില ഇടങ്ങളുടെ' നിഷേധത്തിലാണ് എത്തിനിൽക്കുന്നത്. പാരമ്പര്യത്തിന്റെയും കീഴ്വഴക്കങ്ങളുടെയും മതിലുകൾ ഇന്നും സ്ത്രീകളെ തടവറയിൽ തന്നെ ഇടുന്നില്ലേ? ഈ സ്ഥിതിവിശേഷങ്ങളിലെല്ലാം സ്ത്രീകളെ അവരുടെ സ്വത്വത്തെക്കുറിച്ചുതന്നെ ബോധമുള്ളവളാക്കുന്നതിനും അർഹമായ നേതൃത്വസ്ഥാനങ്ങളിൽ സ്ത്രീകൾ ഉയരേണ്ടതിനെക്കുറിച്ചും ഉള്ള ബോധവൽക്കരണം ഈ 'പരിഷ്കൃത സമൂഹത്തിലും' സേവികാസംഘത്തിലൂടെ സാധ്യമായി തീരണം.

**സേവികാസംഘം:- ശബ്ദമില്ലാത്തവരുടെ ശബ്ദം**

സഭയിലെ സ്ത്രീകളുടെ ആത്മീയ ഉന്നതിക്കായി മാത്രം പ്രവർത്തിക്കുക എന്ന ലക്ഷ്യം മാത്രമല്ല സേവികാസംഘത്തിന് ഉള്ളത്. നിലവിലിരിക്കുന്ന സാമൂഹിക ക്രമത്തിൽ സ്ത്രീകളുടെ ശബ്ദമായി, ശബ്ദമില്ലാത്തവരുടെ ശബ്ദമായി ഒക്കെ മാറാൻ സേവികാസംഘത്തിന് സാധിക്കണം. ആത്മീയ മാനത്തോടൊപ്പം സാമൂഹിക മാനം കൂടി വളരെ പ്രാധാന്യത്തോടെ നോക്കിക്കാണേണ്ടതാണ്. പല മുന്നേറ്റങ്ങളുടെ പട്ടികയിൽ സ്ത്രീ വിജയഗാഥകൾ ആഘോഷിക്കപ്പെടുന്നുണ്ടെങ്കിലും ഇരുട്ടിലും ഏകാന്തതയിലും കഴിയുന്ന അനേകം സ്ത്രീകൾ, ചൂഷണത്തിന് വിധേയരാകുന്നവർ ഒക്കെ ഇന്നും ഉണ്ട്. അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ കഴിവോ അറിവോ ഇല്ലാത്ത എത്രയോ സ്ത്രീകൾ അസംഘടിത തൊഴിൽമേഖലകളിലും അന്യദേശങ്ങളിലും തങ്ങളുടെ അസ്തിത്വം തന്നെ അടിയറവെച്ച് കഴിഞ്ഞു

കൂടുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ അറിഞ്ഞോ അറിയാതെയോ ലൈംഗീകവൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിക്കേണ്ടി വന്ന സ്ത്രീകൾ, Trans-genders ഇവരുടെയൊക്കെ ശബ്ദമായി മാറാൻ സേവികാസംഘത്തിന് സാധിക്കുന്നുണ്ടോ? അവർക്കുവേണ്ടി നാം മുഴക്കുന്ന ശബ്ദം വളരെ നേർത്തതായി പോകുന്നില്ലേ? ഈ മേഖലകളിലെല്ലാം എപ്രകാരമാണ് നമുക്ക് പ്രസക്തമാകുവാൻ സാധിക്കുന്നത്. കേവലം ചില 'പരിപാടികൾ' പേരിനായി നടത്തുക എന്നതിനപ്പുറമായി സമയോചിതമായ, സംഗതമായ ഇടപെടലുകൾ തീർച്ചയായും ഇപ്രകാരം പാർശ്വവൽക്കരിക്കപ്പെടുന്നവർക്ക് കരുത്തേകും.

**സേവികാസംഘം: ഐക്യദാർഢ്യത്തിന്റെ പുതിയ മാനം**

ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നും സേവികാസംഘത്തിന്റെ മുഖമുദ്രയാണ്. കേവലം അതിൽ മാത്രം ഒതുങ്ങിനിൽക്കുക എന്നതല്ല നമ്മേക്കുറിച്ചുള്ള ദൈവികോദ്ദേശം. ബുദ്ധിമുട്ടും പ്രയാസങ്ങളും നേരിടുന്നവരോടുള്ള ഒരു ഐക്യദാർഢ്യം (deep solidarity) അതാണ് ഇന്നിന്റെ ആവശ്യം. കേരളം കണ്ടതിൽവെച്ച് ഏറ്റവും ഭയാനകമായി പ്രകൃതിദുരന്തത്തിന്റെ നാളുകളാണ് നാം പിന്നിട്ടത്. ഒരായുസ്സ് മുഴുവൻ സമ്പാദിച്ചത് ഒറ്റദിവസം കൊണ്ട് നഷ്ടമാകുന്ന അവസ്ഥ. ഏതും പ്രതിസന്ധിയിലും എന്നപോലെ സ്ത്രീകളും കുട്ടികളുമാണ് ഏറെ ഈ കാലത്തിലും പ്രയാസം അനുഭവിച്ചത്. ഈ സമയത്തൊക്കെ സംഗതമായി സേവികാസംഘത്തിന് പ്രവർത്തിക്കാൻ സാധിച്ചോ എന്നത് വിചിന്തനത്തിന് വിഷയമാക്കേണ്ട ഒന്നുതന്നെയാണ്. മാസങ്ങൾ കഴിയുമ്പോൾ ക്രമീകരിക്കുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് അപ്പുറമായി എല്ലാം തകർന്ന് മാനസികമായി പ്രയാസപ്പെടുന്ന നമ്മുടെ സഹോദരിമാരോട് "ഞങ്ങൾ നിങ്ങളോട് കൂടെയുണ്ട്" എന്ന് പറയുവാൻ നാം മടികാട്ടിയില്ലേ? കേവലം ചില വസ്തുക്കൾ ദാനം ചെയ്യുന്നതിലപ്പുറമായി നമ്മുടെ സാന്നിദ്ധ്യം, ധൈര്യപ്പെടുത്തൽ പ്രാർത്ഥന ഇതൊക്കെ ഏറെ പ്രസക്തമായ കാലമാണിത്. We are not the saviours of the poor, affected or oppressed but we are all affected by and part what is happening some more and some less.

കന്യകമറിയാം പാടിയ ആ വിപ്ലവഗാനം നമുക്ക് തരുന്ന സന്ദേശവും അതുതന്നെയാണ്. Instead of speaking for the lowly ones of the world mary recognized that she is one of them. പഴയനിയമപ്രവാചകനായ ആമോസും, വിമോചകനായ മോശെയും, രക്ഷിതാവായ ക്രിസ്തുവും ഒക്കെ വിഭാവന ചെയ്തതും മറ്റൊന്നല്ല ഈ ഐക്യദാർഢ്യമാണ് a deep solidarity.

ഇപ്രകാരം കൃത്യമായ ദർശനത്തോടെ സമൂഹത്തിന്റെ ഭാഗമായി നിന്ന് പൂർവ്വമാതാക്കളുടെ സുവിശേഷദർശനത്തോടെ പഴമയുടെ ഗന്ധമുള്ള പുതിയ സുഗന്ധം പരത്താൻ സേവികാസംഘത്തിന് വരുംവർഷങ്ങളിൽ സാധിക്കട്ടെ.

• • • • •

# അടൂർ ഭദ്രാസന കൺവൻഷൻ 2019

**സ്ഥലം: ഭദ്രാസന കൺവൻഷൻ നഗർ, അടൂർ**
**തീയതി: 2019 ജനുവരി 2 മുതൽ 6 വരെ**

**ഭദ്രാസന ഗായകസംഘം – ശബ്ദപരിശോധന**

**2018 ഒക്ടോബർ 14 ഞായർ, ഉച്ചയ്ക്ക് 2 മണി**
**സ്പിരിച്ച്വാലിറ്റി സെന്റർ, അടൂർ**

# ഭദ്രാസന കുടുംബസംഗമം

**മാർത്തോമ്മാ സ്പിരിച്ച്വാലിറ്റി സെന്റർ അടൂർ – 2019 ജനുവരി 26**



ഭദ്രാസന സേവികാസംഘം ഏരിയാ സംഗമം – അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ വെച്ച് നടന്ന ദൃശ്യം

# ദിവ്യസംഗീത മത്സര വിജയികളിൽ



കേന്ദ്ര – ഭദ്രാസന തലത്തിൽ ഒന്നാം സ്ഥാനം നേടിയ കുറത്തികാട് സെന്റ് തോമസ് മാർത്തോമ്മാ ജൂനിയർ ടീം സൺഡേസ്കൂൾ



ഭദ്രാസന തലത്തിൽ ഒന്നാം സ്ഥാനം നേടിയ കുറത്തികാട് സെന്റ് തോമസ് മാർത്തോമ്മാ സീനിയർ ടീം സൺഡേസ്കൂൾ



ഭദ്രാസന തലത്തിൽ രണ്ടാം സ്ഥാനം നേടിയ അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ സൺഡേസ്കൂൾ



ക്യാൻസർ രോഗികൾക്കുവേണ്ടി കേശദാനം ചെയ്ത വാത്തികുളം ബഥേൽ മാർത്തോമ്മാ യുവജനസഖ്യം

## എസ്.എസ്.എൽ.സി., +2 പരീക്ഷകളിൽ STATE, CBSE, ICSE
## എല്ലാ വിഷയങ്ങൾക്കും A+ നേടിയ ഭദ്രാസനാംഗങ്ങൾക്ക്
# അഭിനന്ദനങ്ങൾ



എബിൻ കോശി
കൊല്ലക സെന്റ് തോമസ്



ദിയ ആൻ ഡേവിഡ്
പള്ളിക്കൽ സെന്റ് തോമസ്



എയ്ഞ്ചൽ സാറ കുര്യൻ
പള്ളിക്കൽ സെന്റ് തോമസ്



സിബി മാത്യു
തഴവ എം.റ്റി.സി.

# അഭിനന്ദനങ്ങൾ



അടൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ ആര്യാശ്ശേരിൽ
**സേറാ ജോൺ**
കേരളാ യൂണിവേഴ്സിറ്റിയുടെ ബി.എ. പൊളിറ്റിക്കൽ സയൻസിൽ മൂന്നാം റാങ്ക് നേടി. റവ. എ.എം. ജോണിയന്റെയും ചെന്നീക്കര MTLP സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി വത്സ ജോണിന്റെയും മകളാണ്.



കൊച്ചിൻ യൂണിവേഴ്സിറ്റിയിൽനിന്നും ബി.കോം. എൽ.എൽ.ബി.യിൽ ഒന്നാം റാങ്ക് നേടിയ
**ജെയ്സി എൽസ ജോയി**
ആയണിവേലിക്കുളങ്ങര ബഥേൽ മാർത്തോമ്മാ ഇടവകയിൽ ശ്രീ. ജോയി ജോൺസന്റെയും ശ്രീമതി. മേരി ജോയിയുടെയും മകൾ



ഭദ്രാസന വൈദീക കുടുംബ കൗൺസിലിംഗ് പ്രോഗ്രാം



പുന്നല മാർത്തോമ്മാ മിഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന നേത്രപരിശോധനാ ക്യാമ്പിന് നേതൃത്വം നൽകിയവർ



ഏനാത്ത് മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനോദ്ഘാടനം






ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ സംഗമം



# അനുസ്മരണം



കൈപ്പട്ടൂർ സെന്റ് തോമസ് മാർത്തോമ്മ ഇടവകാംഗം പുതുപ്പറമ്പിൽ റവ.കെ.എം. ഐസക്കിന്റെ സഹധർമ്മിണി **ശാന്തമ്മ ഐസക്ക് (65)** വയസ്സ് ഓഗസ്റ്റ് മാസം 14-ാം തീയതി നിര്യാതയായി. സംസ്കാരശുശ്രൂഷ ഓഗസ്റ്റ് 17-ാം തീയതി വ്യാഴാഴ്ച ഭദ്രാസന എപ്പിസ്കോപ്പാ അഭിവന്ദ്യ ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിലും അനേകം അച്ചന്മാരുടെ സാന്നിദ്ധ്യത്തിലും കൈപ്പട്ടൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. പരേത കോട്ടയം താഴത്തങ്ങാടി കുറ്റശ്ശേരിൽ ശ്രീ.കെ. ഡാനിയേലിന്റെയും ശ്രീമതി. അന്നമ്മ ഡാനിയേലിന്റെയും മകളാണ്. ഇടവകകളിൽ സൺഡേസ്കൂൾ അദ്ധ്യാപിക, ഗായകസംഘാംഗം, സേവികാസംഘാംഗം, ഇടവക മിഷൻ എന്നീ രംഗങ്ങളിൽ താല്പര്യത്തോടെ പ്രവർത്തിച്ച് സാക്ഷ്യം നിർവ്വഹിച്ചു.

റവ. ഏബ്രഹാം തോമസ്
(വികാരി)

le download - Re

# പ്രളയത്തിൽ ഒരു കൈത്താങ്ങ്



ദൈവജനത്തിന്റെ ആത്മീകവും സാമൂഹികവുമായ വളർച്ചയക്ക് പ്രോത്സാഹനം നൽകുവാൻ സഭ രൂപം നൽകിയതാണ് നമ്മുടെ സ്ഥാപനകൾ. ജനത്തിന്റെ വൈവിധ്യമാർന്ന കഴിവുകൾക്കും പ്രായത്തിനും അനുസൃതമായി ഇവ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞുങ്ങളും ആത്മീയപരിപോഷണത്തിനും യുവജനങ്ങളുടെ വളർച്ചയ്ക്കും സ്ത്രീജനങ്ങളുടെ ആത്മീയ ഉന്നതിക്കും സഭാജനങ്ങളുടെ സാക്ഷ്യത്തിനുമാണ് സ്ഥാപനകൾ.



റവ. സാം ഏബ്രഹാം
ശാലേം മാർത്തോമ്മാ ചർച്ച്,
കായംകുളം

ദൈവവചന പഠനത്തിലൂടെയും ഒന്നിച്ചുള്ള വളർച്ചയിലൂടെയും സാക്ഷ്യത്തിലേക്ക് വളരുവാൻ ഇത് എല്ലാവരെയും സഹായിക്കുന്നു. എന്നാൽ ഇന്ന് ആ വളർച്ചയക്ക് മാന്ദ്യം സംഭവിച്ചു എന്നു പറയാതെ തരമില്ല. അതിന് കാരണമായ ചില കാര്യങ്ങളിലേക്ക് മാത്രം ഒരു എത്തിനോട്ടം നടത്താം.

മനുഷ്യനിൽ ഇന്ന് ഏറ്റവും മാറ്റപ്പെടേണ്ട ഭാവം ‘ഞാൻ’ എന്നുള്ളതാണ്. പൗലോസ് പറയുന്നു: ”ഞാനോ കുറയേണം അവനോ വളരേണം''. എന്നാൽ ഇതിന് വിപരീതമാണ് ഇന്നത്തെ ചിന്തകൾ. ദൈവീകത മനുഷ്യനിൽ കുറഞ്ഞുവരുന്നു. ഇത് മനുഷ്യനെ ദൈവത്തിൽനിന്നും മറ്റു മനുഷ്യരിൽനിന്നും അകറ്റുന്നു. എന്റെ സ്ഥാനം, എന്റെ മാനം എന്നതിൽ കൂടുതൽ പ്രാധാന്യം നൽകുന്നു. ഇത് ഇന്ന് നമ്മുടെ സ്ഥാപനങ്ങളെ വളരെയധികം ബാധിച്ചിട്ടുണ്ട്.

ഇതിനെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള സംഘടിത പോരാട്ടങ്ങളെയും സംഘങ്ങളെയും ഇന്ന് എവിടെയും കാണാം. ഈ സംഘങ്ങൾ ഒരിക്കലും സ്ഥാപനകളുടെയും



# പുതിയ ഘടനകളെ രൂപപ്പെടുത്തേണ്ടുന്ന സാക്ഷ്യം

ആത്മീയ പരിപോഷണത്തിന്റെയും വക്താക്കളല്ല മറിച്ച് അവയുടെ അന്തഃസത്തയെ നശിപ്പിക്കുവാൻ പ്രാപ്തമായതാണ്. സംഘടന പുതിയ ഘടനകളെ നിർമ്മിക്കുന്നവയാകണം. തകർക്കുകയല്ല നിർമ്മിക്കുകയും സജ്ജമാക്കുകയുമാണ് നമ്മുടെ ലക്ഷ്യം.

പുതിയ തലമുറയെ വാർത്തെടുക്കുക എന്ന രീതി ഇന്ന് നഷ്ടപ്പെടുന്നു. രാഷ്ട്രീയ സാമൂഹിക മേഖലകളിലെ സ്ഥിതി ഇന്ന് സഭയെയും ബാധിച്ചിരിക്കുന്നു. ഞാൻ തുടങ്ങി, ഞാൻ വളർത്തി, ഞാൻ ഇതിന്റെ ഭാഗമായി എപ്പോഴും ഉണ്ടാകണം എന്ന ചിന്ത. പ്രായ-കാല-ചിന്തകൾക്കും ഘടനകൾക്കും അനുസൃതമായി മാറുവാൻ സാധിക്കണം. പുറമേ നിന്ന് താങ്ങുകളാകുവാൻ സാധിക്കണം, പുതിയ നേതൃനിരയെ വാർത്തെടുക്കണം.

കുടുംബങ്ങളുടെ സാക്ഷ്യം നഷ്ടപ്പെടുന്നത് ഇന്നിന്റെ വലിയ വീഴ്ചയാണ്. എവിടെയും തകരുന്ന കുടുംബബന്ധങ്ങളെ കാണാം; തന്മൂലം ഇല്ലാതെയാകുന്ന ആത്മീയജീവിതവും. കുടുംബങ്ങളുടെ കെട്ടുറപ്പില്ലായ്മ ഇന്ന് മനുഷ്യരെ ദ്വന്ദമുഖങ്ങൾ/മുഖംമൂടികൾ അണിയുവാൻ പ്രേരിപ്പിക്കുന്നു. ഇവിടെനിന്നും വരുന്നവർ മുഖംമൂടി കണ്ട് പിന്തിരിയുവാൻ നിർബന്ധിതരാകുന്നു. സത്യസന്ധതയില്ലാത്തവരുടെ പ്രവർത്തനങ്ങളെ പുതിയ തലമുറ വേഗം തിരിച്ചറിയുന്നു.

സാക്ഷ്യമില്ലാത്ത ഇതെല്ലാം എന്തിന് എന്നുള്ള ചോദ്യവും ഇന്നത്തെ കാലത്തെ അധികം നിസംഗതയിലേക്ക് തള്ളിവിടുന്നു. എല്ലാം മുഖംമൂടികളും മറകളുമാണെന്നുള്ള തിരിച്ചറിവ് പിന്നോട്ട് തിരിയുവാൻ പ്രേരിപ്പിക്കുന്നു. ഒരുതരം നിർവികാരത തിരിയുവാൻ പ്രേരിപ്പിക്കുന്നു. മനുഷ്യനെ മൂടുവാൻ ഇത് കാരണമാകുന്നു. അതുപോലെ 'ഇതുകൊണ്ട് എന്ത് പ്രയോജനം?' എന്നു ചിന്തിക്കുന്നവരും കുറവല്ല. ആരെങ്കിലും പ്രവർത്തിക്കട്ടെ, എനിക്കെന്തു കാര്യം എന്നു ചിന്തിച്ചു പിൻതിരിയുന്നവരും കുറവല്ല.

ആത്മീകകാര്യങ്ങൾക്ക് വേണ്ട പരിഗണന നല്കാത്ത കുടുംബങ്ങളും ഇന്നു വിരളമല്ല. ആത്മീയത അത്യാവശ്യത്തിന് മാത്രം മതി, ഈ ലോകപരമായി എന്തെങ്കിലും നേടിയാൽ മാത്രമേ ഇന്നത്തെ മത്സരലോകത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കൂ എന്ന ചിന്ത മനുഷ്യനെ പല ആത്മീയ കാര്യങ്ങളിൽനിന്നും പിന്തിരിയുവാൻ പ്രേരിപ്പിക്കുന്നു. ഈ ലോകത്തിൽ ജീവിക്കുവാൻ ആത്മീയത ആവശ്യമില്ല എന്നു ചിന്തിക്കുന്നവർ വർദ്ധിച്ചുവരുന്നു.

സൃഷ്ടിയെ എല്ലാം ദൈവം നല്ലത് എന്നു കണ്ടു. പാഴും ശൂന്യവുമായതിനെ ദൈവം ക്രമത്തിലാക്കി എന്നാൽ ഇന്നും മനുഷ്യൻ ദൈവീക ക്രമത്തിൽ ജീവിക്കാൻ കൂട്ടാക്കാതെ പാഴും ശൂന്യവുമായതിനെ അന്വേഷിക്കുന്നു. ക്രമീകൃതമായതിനോടുള്ള വിരക്തി ഇന്ന് വർദ്ധിച്ചുവരുന്നു. എല്ലാ സ്ഥാപനങ്ങളും അതിന്റെ ഭരണഘടന വ്യവസ്ഥ പ്രകാരം നടത്തപ്പെടുന്നതാണ്. എന്നാൽ ഈ ഘടനകളിൽകൂടി പോകുവാൻ വൈമുഖ്യപ്പെടുന്നവർ ഏറെയാണ്. തകർന്നബന്ധങ്ങൾ നഷ്ടപ്പെട്ട കൂട്ടായ്മകൾ എല്ലാം ഇതിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. നിയമസംഹിതകൾക്കടിസ്ഥാനപ്പെട്ടു ജീവിക്കാൻ താല്പര്യമില്ലാത്ത കാലഘട്ടമാണിത്.

ജയിക്കുവാൻ മാത്രം പഠിപ്പിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഇന്ന് നമുക്ക്. അതുകൊണ്ടുതന്നെ തോൽക്കുവാനോ, വിമർശനങ്ങളും ചോദ്യങ്ങളും കേൾക്കുവാനോ ഉൾക്കൊള്ളുവാനോ പ്രാപ്തിയില്ലാത്തവർ ഇന്ന് നമ്മുടെ ഇടയിലുണ്ട്. ഞാനെന്തിനു വെറുതെ മറ്റുള്ളവരുടെ കുറ്റംപറച്ചിൽ ഏൽക്കണം എന്നു ചിന്തിക്കുന്നവരും കുറവല്ല. 'കായ്‌വുള്ള മരത്തിനെ കല്ലേറുള്ളൂ', 'പ്രവർത്തിക്കുന്നിടത്തേ തെറ്റ് പറ്റാറുള്ളൂ' എന്നു ചിന്തിക്കുവാൻ സാധിക്കുന്നിടത്തേ വിജയമുള്ളൂ. വിമർശകർ ഇന്ന് നാശോന്മുഖമായി വിമർശിക്കുന്നു. പ്രവർത്തിക്കുന്നവരുടെ തെറ്റുതിരുത്തലോ, സമൂഹത്തിന്റെ നന്മയോ അല്ല ഇന്ന് പ്രധാന ഉദ്ദേശ്യം, മറ്റുള്ളവരെ കുറയ്ക്കുന്നതിലൂടെ ലഭിക്കുന്ന നിർവൃതി മാത്രമാണ് ലക്ഷ്യം.

'വളർന്നു വളയണം, വളഞ്ഞു വളരരുത്'- കവി നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരു നേരായ വളർച്ചയാണ്. വളഞ്ഞുപോകാനുള്ള സാധ്യതകൾ ഏറെയാണ്. ദൈവവചനം പഠിപ്പിക്കുന്നു. "എല്ലാം ദൈവത്തിന്റെ മഹത്വത്തിനായ് ചെയ്യുവിൻ (1 കൊരി. 10:31). നാം ചെയ്യുന്ന സകലത്തിലും ദൈവത്തെ മഹത്വപ്പെടുത്തുക. നമ്മുടെ വാക്കുകൾക്കും പ്രവർത്തിക്കുമുള്ള അത്യന്തിക മാനദണ്ഡം അതാണ്. യേശുവിന്റെ കൂട്ടുകാരൻ/ സുഹൃത്ത് ആയിരിക്കുക എന്നതിന്റെ അർത്ഥം എന്താണെന്ന് അത് ചുരുക്കിപ്പറയുന്നു. ചെയ്യേണ്ട കാര്യം എന്താണ് എന്നതിനെക്കുറിച്ച് നമുക്ക് തീർച്ചയില്ലാത്തപ്പോൾ അത് നമുക്ക് വഴികാണിച്ചുതരുന്നു. നമ്മുടെ മനഃസാക്ഷിയുടെ ആഴങ്ങളിൽ സംസാരിക്കുന്ന ദൈവത്തിന്റെ ശബ്ദം തിരിച്ചറിയുവാൻ അത് നമ്മെ സഹായിക്കുന്നു. അങ്ങനെ ദൈവഹിതം നമുക്ക് തിരിച്ചറിയുവാൻ സാധിക്കും. ദൈവഹിതം തിരിച്ചറിഞ്ഞ് സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്കും ഉന്നതിക്കുമായി ആത്മാർത്ഥമായി പ്രവർത്തിപ്പാൻ ദൈവം നമ്മുടെ സ്ഥാപനകളെ ഉപയോഗിക്കട്ടെ. □



റവ. സജു ശമുവേൽ സി.
നൂറനാട് ശാലേം



# പുനർജ്ജീവനം
## സംഘടനയുടെയും സംഘാടനത്തിന്റെയും

കാലപ്പഴക്കത്തിൽ കെട്ടിടങ്ങൾ ജീർണ്ണിക്കുന്നതുപോലെയും വൃക്ഷങ്ങൾ കടപുഴകുന്നതുപോലെയും ജ്വലിച്ചുനിന്ന ചില പ്രസ്ഥാനങ്ങളും സംഘടനകളും ജീർണ്ണിച്ചുപോകുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. ആത്മീകസംഘടനകളുടെ പ്രസക്തിയും ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. സഭയുടെ നെടുംതൂണായ സൺഡേസ്കൂൾ പ്രസ്ഥാനങ്ങളുടെ അവസ്ഥ ഇന്ന് എന്ത് എന്ന് ആത്മപരിശോധന ചെയ്തേതീരൂ. കിതച്ചും, തളർന്നും, ബദ്ധപ്പെട്ടും സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ശോഭ പലയിടങ്ങളിലും മങ്ങലേറ്റിരിക്കുന്നു എന്നത് കുറ്റപ്പെടുത്തലുകളെക്കാളുപരി ചില ബോധ്യപ്പെടലുകളിലേക്കാണ് വിരൽ ചൂണ്ടുന്നത്. നഷ്ടപ്പെട്ട ആത്മചൈതന്യത്തിന്റെ വീണ്ടെടുപ്പ് സംഘടനയുടെയും സംഘാടനത്തിന്റെയും പുനർജ്ജീവനത്തിലൂടെ സാധ്യമാവുന്നതത്രേ.

**1) നിറയപ്പെടേണ്ട വചസ്സ് (Word)**

നവീകരണ കർത്താക്കൾ സഭയിൽ ശ്രദ്ധയൂന്നിയ പ്രധാന മേഖല ദൈവവചനപഠനം എന്നതായിരുന്നു. നവീകരണസഭയായ മാർത്തോമ്മാ സഭ അപ്രകാരം സൺഡേസ്കൂൾ പ്രസ്ഥാനത്തെ ഗൗരവമായി കണ്ടു. വീടുകളാണ് ഒരുവന്റെ ആത്മീയ പരിപോഷണത്തിന്റെ ആദ്യപാഠശാല എന്നിരുന്നാലും സൺഡേസ്കൂളിന്റെ സ്വാധീനം ചെറുതല്ല.

മറ്റ് പല സംഘടനകളെയും പോലെ അംഗങ്ങളുടെ എണ്ണം (attendance) നോക്കിയാൽ സൺഡേസ്കൂളുകൾ സജീവമായി പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുവാൻ കഴിയും. മുടങ്ങാത്ത ക്ലാസ്സുകളും പരീക്ഷകളും, വിവിധ പരിപാടികളും കാണുമ്പോൾ ഒരു ക്ഷീണവും സംഭവിച്ചിട്ടില്ല എന്ന് ആശ്വസിക്കാം. എന്നാൽ പങ്കെടുക്കുന്ന കുട്ടികളുടെ ഉള്ളിൽ, പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ഉള്ളിൽ, അയയ്ക്കുന്ന മാതാപിതാക്കളുടെ ഉള്ളിൽ ആഴമായ് ദൈവവചനം നിറയപ്പെടുന്നുണ്ടോ

എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. Curriculum oriented (പാഠ്യപദ്ധതി) programme oriented (പരിപാടി കേന്ദ്രീകൃതം) Word oriented (വചന കേന്ദ്രീകൃതം) ആയിത്തീർന്നെങ്കിലേ സൺഡേസ്കൂൾ പുനർജ്ജീവനം യാഥാർത്ഥ്യമാകയുള്ളൂ.

കാലിന് ദീപമായി പാതയ്ക്കു പ്രകാശമായി ദൈവവചനത്തെ അറിയുവാനും സ്നേഹിക്കുവാനും സൺഡേസ്കൂളിന് കുട്ടികളിൽ സ്വാധീനം ചെലുത്തുവാൻ കഴിയണം. ഈ വേദപഠനശാലകൾ വിരസമായിത്തീരുന്നത് ദൈവവചനത്തോട് തന്നെ വിരക്തി തോന്നുവാൻ ഇടയാക്കും എന്നതിനാൽ ആധുനിക electronic medias, social medias ഉപയോഗിച്ച് കൂടുതൽ ആകർഷകവും സാന്ദർഭികവുമാക്കാൻ കഴിയും (contextual). എന്നാൽ ഇവയുടെ മാത്രം പോരായ്മയാണ് സൺഡേസ്കൂളിനെ നിർജ്ജീവമാക്കുന്നത് എന്ന് കരുതുവാൻ കഴിയുകയില്ല. വചന അവബോധം സൃഷ്ടിക്കുന്നത് പുനർജ്ജീവനത്തിന്റെ വേഗത വർദ്ധിപ്പിക്കും.

**2) ഒരുക്കപ്പെടേണ്ട മനസ്സ് (Mind)**

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 6-ാം അദ്ധ്യായം സാക്ഷ്യപ്പെടുത്തുന്നതുപോലെ ഒരു ബാലകൻ 5 അപ്പവും 2 മീനും കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിക്കുവാനുള്ള മനസ്സ് പുതിയ തലമുറയ്ക്ക് നൽകുവാൻ കഴിയണം. വളരെയധികം ആളുകൾ പട്ടിണിയിരിക്കേ താൻ കഴിക്കുന്നത് അധാർമ്മികമാണ് (unethical) എന്ന ധർമ്മബോധം (conscience) ആ കുട്ടിയെ തന്റെ ആഹാരം പങ്കുവെയ്ക്കുവാനുള്ള ഒരു മനസ്സിന്റെ ഉടമയാക്കി. ധാർമ്മിക പരിസരങ്ങളെ സൃഷ്ടിക്കുവാനുള്ള മനസ്സിന്റെ രൂപപ്പെടലാണ് സൺഡേസ്കൂൾ പ്രസ്ഥാനങ്ങളെ സജ്ജീവമാക്കുന്നത്.

ജലപ്രളയത്താൽ ദേശനിവാസികൾ ദുരിതത്തിൽ കഴിയുമ്പോൾ സൈക്കിൾ വാങ്ങുവാൻ ഏറെക്കാലമായ് സ്വരുക്കൂട്ടിയിരുന്നത് ദുരിതാശ്വാസനിധിയിലേക്ക് നൽകുവാൻ തയ്യാറായ ഒരു കുട്ടിയുടെ മനസ്സിന്റെ വിശാലത നാം കണ്ടതാണ്. തങ്ങളുടെ കുട്ടികൾ സൺഡേസ്കൂൾ പോകുന്നുണ്ട് എന്ന് പറയുവാൻ മാത്രമായി ചില മാതാപിതാക്കൾ സൺഡേസ്കൂളിനെ കാണുമ്പോൾ മറ്റ് ചിലർ തങ്ങളുടെ കുട്ടിക്ക് പരീക്ഷയിലും മത്സരങ്ങളിലും സമ്മാനങ്ങൾ കരസ്ഥമാക്കണം എന്ന് മാത്രം ചിന്തിക്കുന്നു. മത്സരങ്ങളും പരീക്ഷകളും ആവശ്യമാണ് എന്നതിൽ തർക്കമില്ല; എന്നാൽ ഈ വേദപാഠശാലയുടെ പ്രസക്തിയെ അത്തരത്തിൽ പരിമിതമായി മാത്രം കാണുന്നത് ഇവയുടെ തകർച്ചയ്ക്കു വഴി തുറക്കും. കുറെയേറെ പാഠങ്ങൾ പഠിക്കുവാനുള്ള ഒരു ഇടമായി തീരാതെ മൂല്യ-ധർമ്മബോധം സൃഷ്ടിക്കുന്ന ഇടങ്ങളായി തീരണം നമ്മുടെ സൺഡേസ്കൂളുകൾ.

**3) രൂപാന്തരപ്പെടേണ്ട തമസ്സ് (Darkness/Ignorance)**

1780-കളിൽ റോബർട്ട് റെയ്ക്ക്സ് (Robert Raikes) സൺഡേസ്കൂൾ പ്രസ്ഥാനം (Sunday School Movement) ആരംഭിക്കുമ്പോൾ ഇരുളുമൂടിയ ജീവിതസാഹചര്യങ്ങളുടെ രൂപാന്തരമായിരുന്നു ലക്ഷ്യംവെച്ചിരുന്നത്. ദിശാബോധം നഷ്ടപ്പെട്ട കുട്ടികളിലേക്കും സാമൂഹിക പരിസരങ്ങളിലേക്കും ഇറങ്ങിച്ചെല്ലുവാൻ ഈ പ്രസ്ഥാനം ആ കാലഘട്ടത്തിൽ ഒരു വലിയ തിരുത്തൽ ശക്തിയായ് നിലനിന്നു. ഉത്തരവാദിത്വപൂർണ്ണമായ ജീവിതം നയിക്കുവാനും നന്മതിന്മകളെ വേർതിരിച്ചറിഞ്ഞ് തമസ്സിനെ അകറ്റുവാനും സൺഡേസ്കൂൾ പ്രസ്ഥാനത്തിന് സ്വാധീനം ചെലുത്തുവാൻ കഴിയണം.

യാക്കോബ് തന്റെ ലേഖനത്തിൽ എഴുതുന്നതുപോലെ (1:22) "എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെതന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ" Sunday School encourages us to encounter God to change life and society. നമ്മിലെയും സാമൂഹിക ഇടങ്ങളിലെയും തമസ്സകറ്റാൻ നിരന്തരം ആഹ്വാനം നൽകുന്നതിലൂടെ പുനർജ്ജീവനം സാധ്യമായിത്തീരും എന്നത് കഴിഞ്ഞ കാല അനുഭവങ്ങളിൽനിന്നും വ്യക്തമാണ്.

Academic Exercise (പഠന അഭ്യാസം) എന്നതിലുപരിയായി ക്രിസ്തുവിലേക്ക് വരുവാനും ക്രിസ്തുവിലേക്ക് കൊണ്ടുവരുവാനും (come to Jesus, bring every child to Jesus) നമ്മെ സഹായിക്കുന്ന സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പ്രസക്തി മങ്ങിപ്പോകാതിരിക്കുവാൻ ആർജ്ജവത്തോടെ പുനർജ്ജീവനം സാദ്ധ്യമാകേണ്ടിയിരിക്കുന്നു - സംഘടനയുടെയും സംഘാടനത്തിന്റെയും.

● ● ● ● ●

**ബ്ലൂംഫെസ്റ്റ് - അടൂർ ഭദ്രാസന സേവികാസംഘം**

**മാർത്തോമ്മാ യൂത്ത് സെന്റർ അടൂർ – 2018 നവംബർ 10, 11**

**യംഗ് വുമൺസ് ഫെലോഷിപ്പ്**

**സ്പിരിച്ച്വാലിറ്റി സെന്റർ അടൂർ – 2018 നവംബർ 20**

**സിംഗിൾ പേരന്റ് മീറ്റിംഗ്**

**സ്പിരിച്ച്വാലിറ്റി സെന്റർ അടൂർ – 2018 നവംബർ 26**



# ആർദ്രത

## പെയിൻ & പാലിയേറ്റീവ് മിഷൻ



റവ. വൈ. അലക്സ്

അടൂർ ഭദ്രാസനം ആർദ്രത മിഷൻ ആരംഭിച്ചത് 2017 മെയ് മാസം 27-ാം തീയതിയായിരുന്നു. പുഷ്പഗിരി മെഡിക്കൽ കോളേജുമായി ചേർന്ന് ട്രെയിനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും, ഭദ്രാസനത്തിലെ ഇടവകകളിൽനിന്നും സന്നദ്ധ പ്രവർത്തകർ ക്യാമ്പിൽ പങ്കെടുക്കുകയും ചെയ്തു. അതിനുശേഷം ഇടവകകൾ തോറും അതിന്റെ യൂണിറ്റുകൾ ആരംഭിക്കുകയും, സെന്റർ - ഭദ്രാസന തലങ്ങളിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്തു. ഭദ്രാസനത്തിലെ പല ഇടവകകളിലും ഭംഗിയായി ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നുണ്ട്. എന്നാൽ ഇനിയും പല ഇടവകകളും ഇതിന്റെ യൂണിറ്റ് ആരംഭിച്ചിട്ടില്ല. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**പാലിയേറ്റീവ് കെയർ**

Its a care beyond cure. Dying in a supportive and loving environment. മാറാൻ സാധ്യതയില്ലാത്ത രോഗങ്ങളുള്ള വ്യക്തിയോടുള്ള ഒരു സമീപനമാണിത്. രോഗാവസ്ഥയിലുള്ള ആളിന് ആ ബുദ്ധിമുട്ടുകൾ കുറയ്ക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടത്. അവർക്ക് സാന്ത്വനമേകുക, അവരുടെ വേദനയിൽ പങ്കുകൊള്ളുക, ആശ്വാസം പകരുക നമ്മുടെ കടമയാണ്. കിടപ്പുരോഗികൾ, കിഡ്നി-കാൻസർ രോഗികൾ, വാർദ്ധക്യസഹജമായ രോഗങ്ങളാൽ കഴിയുന്നവർ, ദീർഘകാലം നീണ്ടുനിൽക്കുന്ന രോഗങ്ങൾ ഉള്ള കുട്ടികൾ, കുഞ്ഞിനുവേണ്ടി ജീവിതം മാറ്റിവെച്ച മാതാപിതാക്കൾ, അപകടത്തിൽപ്പെട്ട് കിടപ്പിലായ ചെറുപ്പക്കാർ, വീൽചെയറിൽ കഴിയുന്നവർ, മാനസിക പ്രശ്നങ്ങളുള്ളവർ, ഇങ്ങനെ വലിയൊരു സമൂഹത്തെ നമ്മൾ കണ്ടുമുട്ടുന്നു. ഇത്തരത്തിൽ നാം കണ്ടുമുട്ടിയ പലരും മരണത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. അവരുടെ കരം നമ്മുടെ കരത്തിനുള്ളിൽ വയ്ക്കുമ്പോൾ എന്തൊരു ആശ്വാസം. അവരുടെ അടുത്തിരുന്ന് ഒരു സങ്കീർത്തനം ചൊല്ലുമ്പോൾ, ഒരു ആശ്വാസഗീതം പാടുമ്പോൾ, അവരുടെ മനസ്സിലെ പ്രയാസങ്ങൾ പങ്കുവെയ്ക്കുമ്പോൾ അനുഭവിക്കുന്ന സൗഖ്യവും, ആശ്വാസവും പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്. ശരിക്കും അതിനുള്ള ഒരു വേദിയാണ് ആർദ്രത പാലിയേറ്റീവ് മിഷൻ.

**സാന്ത്വന ചികിത്സാരീതികൾ**

***1. ഹോം കെയർ ചികിത്സ***

രോഗിയെ ഒരു ടീമായി വീട്ടിൽ ചെന്നു കാണുക. ഡോക്ടർ-നേഴ്സ് മുതലായവർ ടീമിലുള്ളത് നല്ലത്. രോഗിയെ സംബന്ധിച്ചിടത്തോളം വീട്ടിലിരിക്കുന്നതിന്റെ അത്ര സുഖം എവിടെയും കിട്ടില്ല. എത്ര വലിയ ഹോസ്പിറ്റൽ ആയിക്കൊള്ളട്ടെ, എനിക്കെന്റെ ഉറ്റവരോടും ഉടയവരോടും കൂടെയിരുന്ന് രോഗത്തെ നേരിടാൻ തന്നെയാണ് മനസ്സിന്റെ താൽപര്യം. പല വീടുകളിലും കിടപ്പുരോഗികൾ ഏകാന്തത അനുഭവിക്കുന്നുണ്ട്. അവരോടൊപ്പം അര മണിക്കൂർ സമയം ചെലവഴിക്കുന്നത് അവർക്കെന്ത് ആശ്വാസമാണെന്നോ?

***2. ഔട്ട്പേഷ്യന്റ് ക്ലിനിക്കുകളിൽ രോഗി വന്നു കാണുന്ന അവസ്ഥ***

പല കിടപ്പുരോഗികളേയും ഹോസ്പിറ്റലിൽ എത്തിക്കണമെങ്കിൽ എടുക്കേണ്ട ബുദ്ധിമുട്ട് വലുതാണ്. ഒരു വണ്ടിയിൽ കയറ്റണമെങ്കിൽ എത്ര പേര് വേണം. പക്ഷേ വീട്ടിൽ ശുശ്രൂഷിക്കാൻ പറ്റാത്ത അവസ്ഥയിൽ, പ്രത്യേകിച്ച് ശയ്യാവ്രണമുള്ള രോഗികളേയും മറ്റും അവിടെ എത്തിക്കേണ്ടതുണ്ട്.

***3. ഇൻ-പേഷ്യന്റ് ചികിത്സ***

രോഗിയുടെ ആവശ്യം അറിഞ്ഞ് ആശുപത്രിയിൽ കിടത്തി ചികിത്സയാണിത്. പല ഹോസ്പിറ്റലുകളിലും ഒരു വീടിന്റെ അന്തരീക്ഷംപോലെ തന്നെ പാലിയേറ്റീവ് യൂണിറ്റ് സജ്ജീകരിച്ചിട്ടുണ്ട്. രോഗിയുടെ കുടുംബാംഗങ്ങളെയും താമസിപ്പിച്ച് അവിടെ ചികിത്സ നടത്തുന്നു. തിരികെ വീട്ടിൽ ചെന്നാൽ എന്തൊക്കെ ചെയ്യണം, എങ്ങനെ മുറിവുകൾ വെച്ചുകെട്ടണം, ട്യൂബ് ഇടേണ്ടത് എങ്ങനെ? തുടങ്ങിയ കാര്യങ്ങളൊക്കെ കുടുംബാംഗങ്ങളെയും പഠിപ്പിക്കും.

**പ്രായോഗിക നിർദ്ദേശങ്ങൾ:-**

1. ഓരോ ഇടവകകളിലേയും യൂണിറ്റുകൾ കൂടുതൽ കാര്യക്ഷമവും, ഗുണപരവുമാക്കുക. രോഗികളുടെ എണ്ണം അനുസരിച്ച് സപ്പോർട്ടീവ് ഗ്രൂപ്പുകൾ ക്രമീകരിക്കുക. അഞ്ച് സന്നദ്ധപ്രവർത്തകരുള്ള ഒരു ഗ്രൂപ്പിന് അഞ്ച് രോഗികൾ മാത്രം. ആഴ്ച തോറും അവരെ സന്ദർശിക്കുക.
2. സന്ദർശനം നടത്തുമ്പോൾ മരുന്നുകൾ നിർദ്ദേശിക്കുവാനോ, ചികിത്സയെക്കുറിച്ച് പറയാനോ പാടില്ല. കാൻസർ രോഗിയെ കാണുമ്പോൾ, അയ്യോ, നാലാമത്തെ സ്റ്റേജാണല്ലോ, ഇനി സാധ്യതയൊന്നുമില്ല എന്നു പറയരുത്. വൃക്ക മാറ്റിവെച്ച രോഗിയെ കാണുമ്പോൾ, മാറ്റിവെയ്ക്കേണ്ടിയിരുന്നില്ല, ഹോമിയായിൽ മരുന്നുണ്ടായിരുന്നു എന്ന് പറയുന്നത്.
3. നിർദ്ദനരായ, സഹായം അർഹതപ്പെട്ട ചില രോഗികളെ നാം കണ്ടുമുട്ടാറുണ്ട്. അവർക്ക് കൈത്താങ്ങൽ നൽകാൻ പ്രാദേശികതലത്തിൽ കൂട്ടായ പ്രവർത്തനത്തിലൂടെ ഫണ്ട് സ്വരൂപിക്കുക.
4. സെന്റർതലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുക.
5. പ്രാദേശികതലത്തിൽ ഹെൽത്ത് സെന്ററുകൾ, പഞ്ചായത്ത് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ എന്നിവയുടെ സേവനവും ഉപയോഗിക്കുക.
6. ഭദ്രാസനതലത്തിൽ കൂടുന്ന മീറ്റിംഗിൽ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുക. ഭദ്രാസന പ്രസിദ്ധീകരണമായ ഹെർമ്മോൻ ദൂതനിൽ ഓരോ യൂണിറ്റിന്റെയും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ അറിയിക്കുക.

ഓർക്കുക: ആരോഗ്യമുള്ളവരെല്ലാം തിരക്കിലാണ്. എന്നാൽ ഏറ്റവും ബലഹീനമായ അവസ്ഥയിൽ കഴിയുന്ന ഈ രോഗികൾക്ക് നാം സാന്ത്വന ചികിത്സ പകരുമ്പോൾ നമ്മുടെ കർത്താവ് സന്തോഷിക്കുന്നു. കാരണം നമ്മുടെ കർത്താവ് പറഞ്ഞു: "ഈ എളിയവരിൽ ഒരുവന് ചെയ്തതൊക്കെയും എനിക്ക് ചെയ്തു എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു."

• • • • •

## വാർത്തകൾ

### കരിസ്മാറ്റിക് ധ്യാനം

**എല്ലാ 1-ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ചാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്**

### കോർ ഗ്രൂപ്പ് യൂത്ത് ഫെല്ലോഷിപ്പ്

**എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും വൈകിട്ട് 6.30 മുതൽ**

### വിജയവഴി റെസിഡൻഷ്യൽ ക്യാമ്പ് - 2-ാം ഘട്ടം

**2018 ഒക്ടോബർ 17 മുതൽ 19 വരെ**

### മുഴുരാത്രി പ്രാർത്ഥന

**എല്ലാ മൂന്നാം വെള്ളിയാഴ്ചയും, അടൂർ സ്പിരിച്ചാലിറ്റി സെന്ററിൽ**

### പെയിൻ & പാലിയേറ്റീവ്

**എല്ലാ 4-ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ചാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്**



**സൈമൺ ചെറിയാൻ**
സൺഷൈൻ

കുറേ നാളുകൾ യേശുവിനോടൊപ്പം നടന്ന ശിഷന്മാർ അത്ഭുതങ്ങൾ ഒക്കെ കണ്ടപ്പോൾ എത്തിച്ചേർന്നത് ഇന്നത്തെ സ്വർണ്ണ കച്ചവടക്കാരുടെ പരസ്യവാചകത്തിലാണ്. "വിശ്വാസം അതല്ലേ എല്ലാ."

അങ്ങനെയെങ്കിൽ വിശ്വാസത്തിൽ മറ്റുള്ളവരേക്കാൾ മുന്നേറണം. അതിനുള്ള ഒറ്റമൂലി തേടിയാണ് ശിഷ്യന്മാർ ഒന്നായി യേശുവിനെ സമർപ്പിച്ചത്. അപ്പോസ്തലന്മാർ കർത്താവിനോട്: "ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ചുതരണം." ദൈവം ആരുടെയും ചോദ്യത്തിന് നേരിട്ടു ഒരുത്തരം കൊടുക്കാറില്ലല്ലോ. ഇവിടെയും അതുതന്നെ സംഭവിച്ചിരിക്കുന്നു. "നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ കാട്ടത്തിയുടെ വേരോടെ പറിഞ്ഞു കടലിൽ നട്ടുപോക എന്നുപറഞ്ഞാൽ അത് നിങ്ങളെ അനുസരിക്കും." വിശ്വാസം വർദ്ധിപ്പിക്കാനുള്ള ഒറ്റമൂലി തേടിയവരോട് നിങ്ങൾക്ക് അത് അൽപം എങ്കിലും ഉണ്ടെങ്കിൽ എന്നു പറഞ്ഞാൽ ഉത്തരം ആകുമോ? പകരം പഠിപ്പിക്കുന്നത് ഒരു നല്ല ദാസൻ എപ്രകാരം ആയിരിക്കണം എന്നാണ്. യജമാനദാസബന്ധത്തിലെ നീതിന്യായങ്ങളുടെ അതിർവരമ്പുകൾക്കൊന്നും പ്രസക്തിയില്ല. ഏൽപ്പിക്കപ്പെട്ട ചുമതല നിർവ്വഹിക്കപ്പെടുന്നതിനാണ് പ്രസക്തി.

വിശ്വാസവർദ്ധനവിന്റെ ആദ്യത്തെ പടി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കൃത്യനിർവ്വഹണം

നിയമം അനുസരിക്കുമ്പോൾ, ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ചുമതല നിർവ്വഹിക്കുമ്പോൾ ദൈവവുമായി ഐക്യപ്പെടുന്നു. അത് നമ്മുടെ കഴിവുകളെ വർദ്ധിപ്പിക്കുന്നു. പ്രവർത്തി ചെയ്യാനായി ഇവിടെയാക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ പ്രവർത്തികളിലെല്ലാം നന്മയും തിന്മയും സമ്മിശ്രമായിരിക്കുന്നു. ആ പ്രവർത്തി എങ്ങനെ ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ് പ്രതിഫലം. മുൻപും പിൻപും നോക്കാതെ അന്നന്നത്തെ പ്രവർത്തി ചെയ്യുക. വൈകുന്നേരം അന്നന്നത്തേ അദ്ധ്വാനംകൊണ്ട് പ്രയോജനം ഉണ്ടായാൽ ദൈവത്തിന് നന്ദി പറയുക. പ്രതീക്ഷിക്കുന്ന പ്രയോജനം ലഭിച്ചില്ലെങ്കിൽ ദൈവം നാളെ എന്നെ തുണയ്ക്കും എന്നാഗ്രഹിക്കുക. ആശിക്കുന്നതിന്റെ ഉറപ്പാണ് വിശ്വാസം. ശാന്തമായ സൃഷ്ടിയുടെ ഫലമാണ് ഈ പ്രപഞ്ചം ഘട്ടംഘട്ടമായിട്ടാണ് ദൈവം ഇതിനെ രൂപപ്പെടുത്തിയത്. എങ്ങനെയെങ്കിലും കാര്യങ്ങൾ ചെയ്തുതീർക്കുക, അടുക്കും ചിട്ടയും ഇല്ലാതെ പ്രവർത്തിക്കുക എന്നതല്ല ദൈവത്തിന്റെ സമീപനം. മനുഷ്യന്റെ ദുർവഹമായ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന് അസാധാരണമായ സംഭവങ്ങൾ വേണ്ടിവരുന്നു, അതാണ് അത്ഭുതം-



# ഒറ്റമൂലിക്കായുള്ള അന്വേഷണം

അതാണ് ദൈവം. ദൈവമനുഷ്യബന്ധത്തിൽ ഓരോ നിമിഷവും അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവിലൂടെ വളരുന്നതിനല്ലേ ദൈവം തന്റെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പ്രപഞ്ചത്തിൽ നിറഞ്ഞുനിൽക്കുന്ന ആത്മാവായ ദൈവത്തെ കാണുന്ന മനുഷ്യനെ വിശ്വാസത്തിൽ വളരാൻ കഴിയൂ. "വിശ്വാസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" പത്രോസിനോടുകൂടി പടകിൽ കയറി ദൈവം പത്രോസിനെക്കൊണ്ട് വലയിറക്കിച്ചാണ് അത്ഭുതം നടത്തുന്നത്. പക്ഷവാതക്കാരനെ കട്ടിലിൽ കെട്ടിയിറക്കുന്നതിനുമുൻപ് യേശു അവനെ കണ്ടിരുന്നു.

മനുഷ്യനു ഉൾക്കൊള്ളാൻ കഴിയാത്ത പ്രകൃതിയുടെ പ്രതീകമായ മരുഭൂമിയിലൂടെയുള്ള മനുഷ്യന്റെ യാത്ര അദ്ധ്വാനമാണ്. സ്വന്ത പ്രയത്നം കൊണ്ടുമാത്രം മരുഭൂമിയെ അതിജീവിക്കാൻ മനുഷ്യനു കഴികയില്ല. ദൈവാശ്രയവും അതിലൂടെയുള്ള ദൈവത്തിന്റെ സാമീപ്യവും കരുതലും വിശ്വാസത്തിൽ അവനെ വളർത്താൻ ദൈവം ഒരുക്കുന്നു. വീണ്ടും യേശു ശിഷ്യന്മാരോട് ചോദിക്കുന്നത് നിങ്ങളുടെ മുൻപിൽ വച്ച് ഞാൻ 10 കുഷ്ഠരോഗികളെ സൗഖ്യമാക്കി. ഒരുവൻ നന്ദി പറയാൻ യേശുവിന്റെ അടുക്കൽ വന്നിരിക്കുന്നു. ബാക്കി 9 പേർ എവിടെ? വന്നവനായ ഒരുത്തനോട് പറയുന്നു: "നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരിക്കുന്നു." 10 പേരും ശുദ്ധരായിത്തീർന്നില്ലേ? തങ്ങൾ ശുദ്ധരായിത്തീർന്നു എന്ന തിരിച്ചറിവ് ബാക്കി 9 പേർക്ക് ഉണ്ടായില്ലേ? ഇത് ദൈവത്താൽ സംഭവിച്ചിരിക്കുന്നു. അതിനാൽ ദൈവത്തിന് മഹത്വം കൊടുക്കേണ്ട ചുമതല ബാക്കി 9 പേർക്കും ഇല്ലേ? ഈ ചോദ്യങ്ങൾ എല്ലാം വിശ്വാസം വർദ്ധിപ്പിച്ചു കിട്ടാൻ ഒറ്റമൂലി തേടി വന്ന ശിഷ്യന്മാരോടാണ്.

വിശ്വാസം വർദ്ധിപ്പിക്കുന്നതിന്റെ 2-ാമത്തെ പടി ദൈവത്തെ അനുനിമിഷം തിരിച്ചറിഞ്ഞു നന്ദി പറയുക. മനുഷ്യന്റെ മുൻപിൽ ദൈവം എന്നും ഒരു ഒരത്ഭുതമാണ്. പ്രകൃതി ദൈവത്തെ അനുനിമിഷം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. ദൈവത്തിന്റെ അടുക്കലേക്ക് വരുന്നവർ ദൈവം ഉണ്ടോ എന്നുതന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കും എന്നും വിശ്വസിക്കേണ്ടതല്ലയോ? ഈ പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്ന ദൈവം തന്നെതന്നെ തന്റെ ഭക്തന് വെളുപ്പെടുത്തിക്കൊടുക്കുന്നതാണ് അത്ഭുതം.

സ്വന്തം കഴിവിലുള്ള അമിതമായ വിശ്വാസം ദൈവത്തിലുള്ള വിശ്വാസത്തെ ലഘൂകരിക്കുന്നു. അത്ഭുതങ്ങൾ എക്കാലത്തും ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. പണ്ടത്തെപ്പോലെ ലോകം അത് അംഗീകരിക്കുന്നില്ല. പണ്ടത്തെ അത്ഭുതത്തെ ലോകം മറക്കുന്നു. ഇന്നത്തെ അത്ഭുതത്തെ മനുഷ്യൻ നിരാകരിക്കുന്നു. ദൈവത്തിൽ വിശ്വാസം ഉണ്ടാകുവാൻ ദൈവം അത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

നിവർന്നുനിന്ന സ്വർഗ്ഗത്തിലേക്കും ചുറ്റിലേക്കും നോക്കുവാൻ അത്ഭുതമാകുന്ന ദൈവത്തെ ആവോളം ആസ്വദിക്കുവാൻ തക്ക അസ്ഥികൂടം മനുഷ്യന് മാത്രമേ ലഭിച്ചിട്ടുള്ളൂ. മണ്ണിൽ നിന്നും മനുഷ്യനെ മെനഞ്ഞെടുത്ത ദൈവത്തിന്റെ ശക്തിവൈഭവത്തെ അനുഭവിച്ചറിയാൻ ഈ അസ്ഥികൂടം മാത്രം പോരെ?

• • • • •

## സൃഷ്ടിക്കൊരു സങ്കീർത്തനം
**മാർത്തോമ്മാ യൂത്ത് സെന്റർ അടൂർ – 2018 ഡിസംബർ 9**

## ഭദ്രാസന വൈദികരുടെ വാർഷിക സമ്മേളനം
**2018 ഒക്ടോബർ 8 മുതൽ 11 വരെ പെരിങ്ങാലം ധ്യാനതീരം**

## അനുഗ്രഹ ഡി-അഡിക്ഷൻ ക്യാമ്പ്
**അനുഗ്രഹ ഡി– അഡിക്ഷൻ സെന്റർ, അടൂർ – 2018 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 8 വരെ**

## സൺഡേസ്കൂൾ ജൂനിയർ ക്യാമ്പ്
**സ്പിരിച്വാലിറ്റി സെന്റർ അടൂർ – 2018 ഒക്ടോബർ 2**

## സൺഡേസ്കൂൾ സമർപ്പിത കുട്ടികളുടെ ക്യാമ്പ്
**ജ്യോതിസ് മാവേലിക്കര – 2018 ഒക്ടോബർ 18**

## കണ്ണങ്കോട് സെന്റർ സൺഡേസ്കൂൾ ക്യാമ്പ്
**തുരുത്തിക്കര ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച് – 2018 ഒക്ടോബർ 18**




# മനുഷ്യന്റെ വില

അതിക്രൂരമായ വിധത്തിൽ സ്വന്തം സഹോദരന്മാർ അടിമയായി വിറ്റിട്ടും, സഹോദരന്മാർ ക്രൂരമായ വിധത്തിൽ അവനെ പൊട്ടക്കിണറ്റിലേക്കു തള്ളിയിട്ടിട്ടും "അവർക്ക് തന്നെ വിൽക്കരുതേ" എന്നു പ്രാണസങ്കടത്തോടെ അവൻ കെഞ്ചി അപേക്ഷിച്ചു. ഒരുപക്ഷേ ഇതുപോലെ 'കെവിനും' നിലവിളിച്ചുകാണും. വിശപ്പും, കൊടിയ ദാഹവും അവൻ സഹിച്ചു. കണ്ണീരൊഴുക്കി അവൻ നടന്നു. അന്ധകാരം സഹിച്ചു. കണ്ണീരൊഴുക്കി അവൻ നടന്നു. അന്ധകാരം ആഴപ്പെടുമ്പോൾ നക്ഷത്രം കൂടുതൽ ശോഭിക്കുന്ന പ്രകാരം മനുഷ്യന്റെ ക്രൂരതയും കയ്പേറിയ അനുഭവങ്ങളും വഹിക്കാനാവാത്ത വിധത്തിൽ വർദ്ധിക്കുമ്പോൾ ഏകാവലംബമായ ദൈവത്തിലുള്ള ആശ്രയം ശക്തിപ്പെടുന്നു. സാമ്പത്തികമായും, സാമൂഹ്യമായും ഉയരുകയും സ്വഭാവത്താൽ അധഃപതിക്കുകയും ചെയ്യുന്നതല്ലേ ഏറ്റവും വലിയ ദുഃസ്ഥി? അതിവേദനകൾ സഹിച്ചുക്രൂശിൽ കിടന്നു യേശു മരണം മരിച്ചു. അതുപോലെതന്നെ അതിവേദനയോടെ കെവിൻ എന്ന യുവാവ് മരണം വരിച്ചു.

ജീവിതമെന്ന മഹാസൗധം അദൃശ്യമായ അടിസ്ഥാനങ്ങളിലാണു കെട്ടിപ്പടുക്കുന്നത്. അടിസ്ഥാനം ബലഹീനമായാൽ അതിന്മേലുള്ള പണി എത്ര കേമമായിരുന്നാലും താമസിയാതെ തകർന്നുപോകും. വലിയ കതകുകൾ അടയ്ക്കുകയും തറക്കുകയും ചെയ്യുവാനായി തിരിയുന്നതു ചെറിയതും ആരും ശ്രദ്ധിക്കാത്തതുമായ വിജാഗിരിമേലാണ്. വിജാഗിരി തുരുമ്പിച്ചു ബലഹീനമായാൽ കതകു വീണുപോകും.

സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ ഇരിക്കുന്ന അനേകരെ ജഡമോഹം അപമാനത്തിന്റെ പടുകുഴിയിലേക്ക് വലിച്ചെറിഞ്ഞിട്ടുണ്ട്. അല്പനേരത്തേക്കു സൂക്ഷ്മതയില്ലാതെ പെരുമാറിയത് ഒരു സാധാരണക്കാരന്റെ ജീവിതസൗധം തകർത്തു. സഹോദരന്മാരോട് അവൻ കണ്ണുനീരോടെ കെഞ്ചി അപേക്ഷിച്ചു. "ആ കൊടുംക്രൂരത കാട്ടരുതേ" എന്ന്.

അതിക്രൂരമാം വണ്ണം അവർ പെരുമാറി. കെവിൻ എന്ന യുവാവിനോട് അവർ ചെയ്തതു പൊറുക്കാനാവാത്ത അപരാധമാണ്. ക്രൂരമായ അക്രമം നമ്മോടു ചെയ്യുന്ന ആരായാലും അവരോട് വാശിയും, വൈരാഗ്യവും തോന്നുക മനുഷ്യസഹജമാണ്.

"കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്" എന്ന യെഹൂദപ്രമാണമല്ല. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. തിന്മയോടും തിന്മ ചെയ്യുന്നവരോടുമുള്ള പ്രതികരണങ്ങളിൽ നാം ഓർക്കേണ്ട ചില പ്രമാണങ്ങളുണ്ട്.

"To return evil for evil is beast - like
To retuen good for good in man - like
To return evil for good is satan - like
To return good for evil is Christ - like

"തിന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് മൃഗീയമാണ്
നന്മയ്ക്കു പകരം നന്മ ചെയ്യുന്നതു മാനുഷികമാണ്
നന്മയ്ക്കു പകരം തിന്മ ചെയ്യുന്നതു പൈശാചികമാണ്
തിന്മയ്ക്കു പകരം നന്മ ചെയ്യുന്നതു ക്രിസ്തുതുല്യമാണ്"

യേശുവിന്റെ ശിഷ്യന്മാരെ അധികാരികൾ പീഡിപ്പിച്ചു. എന്നാൽ അവനെ നോക്കി ലോകർ പറഞ്ഞു: 'അവർ യേശുവിനോടുകൂടെയുള്ളവർ'. നാം പറയുന്ന സാക്ഷ്യത്തേക്കാൾ ലോകം നമ്മെപ്പറ്റി പറയുന്ന സാക്ഷ്യത്തിനാണു വില.



**ഷിൻസി തോമസ്**
**തേവലക്കര ഇമ്മാനുവേൽ**

ഭൂമിയിൽ മനുഷ്യനു മാത്രമേ ആകുലചിന്ത എന്ന സ്വഭാവവൈകല്യം കാണപ്പെടുന്നുള്ളൂ. മനുഷ്യനു മുൻപ് ഒരു പക്ഷേ അരൂപിയായിരുന്ന തേജസ്സിന്റെ മാലാഖ–അരുണോദയപുത്രൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ലൂസിഫറിൽ ചിന്താകുലം കടന്നുകൂടിക്കാണും. അവന്റെ സിംഹാസനം നക്ഷത്രങ്ങളുടെ മദ്ധ്യേ സ്ഥാപിക്കുമെന്ന് മോഹിച്ച് ആകുലചിന്ത ബാധിച്ച അവനെ ദൈവം പാതാളത്തിലേക്കു വെട്ടിവീഴ്ത്തി. നിഗളത്തിന്റെ അപ്പോസ്തലനായിരുന്ന സാത്താൻ ദൈവത്തോടുള്ള പക മനുഷ്യനിൽ നിറവേറ്റി. തേജസ്സിന്റെ വസ്ത്രം ധരിപ്പിച്ച് തന്റെ സ്വന്തം ആത്മീകദേഹ പ്രകൃതമായ സ്വതന്ത്ര ഇച്ഛാശക്തി (free-will) നൽകി ഏദനിൽ കുടിയിരുത്തിയ മനുഷ്യനിൽ മോഹം ജനിപ്പിച്ച് പാപത്തിനധീനനാക്കി. തേജസ്സിന്റെ വസ്ത്രം നഷ്ടപ്പെട്ടവർ. നഗ്നരെന്ന ബോധവും ആകുലചിന്തയും അവരെ പിടികൂടി. ദൈവം അവരെ തോട്ടത്തിൽ നിന്നും നിഷ്കാസിതരാക്കിയെങ്കിലും മനുഷ്യനെപ്പറ്റിയുള്ള ദൈവത്തിന്റെ അദമ്യമായ കരുതൽ എന്നും തുടർന്നുകൊണ്ടേയിരുന്നു. കയീൻ പാപം ചെയ്തു ആകുലചന്തയ്ക്കു അടിമപ്പെട്ടുവെങ്കിലും അവനെ ദൈവം ദൂതന്മാരാൽ കാവൽ ചെയ്തു. ഹാഗാരും പുത്രനും മരുഭൂമിയിൽ മരണവത്രത്തിൽപ്പെട്ട് ആകുലചിന്തയ്ക്ക് അടിമകളായി നിലവിളിച്ചപ്പോൾ ദൈവം ദൂതന്മാരെ അയച്ച് അവരെ കാവൽചെയ്തു.

കർമ്മേലും സരാഫാത്തും ഏലിയാവിന്റെ ദൈവവിശ്വാസത്തിന്റെ പാഠപുസ്തകങ്ങളായിരുന്നെങ്കിൽ ബേർശേബ മരുഭൂമിയിൽ ചൂരച്ചെടിയുടെ കീഴെ ആകുലവാനായി മരണത്തിനായി ദൈവത്തോടു അപേക്ഷിച്ചു. അവിടെയും ദൈവം കാക്കയിലൂടെ അപ്പവും ഇറച്ചിയും നൽകി പോഷിപ്പിച്ചു. ഇടയച്ചെറുക്കനായിരുന്ന ദാവീദ് ദൈവത്തിൽ ശരണപ്പെട്ടതിനാൽ ഗോലിയാത്തിനെ നിഗ്രഹിക്കുവാൻ കഴിഞ്ഞു. അതേ ദാവീദ് രാജാവായപ്പോൾ ജഡമോഹത്തിനടിമപ്പെട്ട് ആകുലചിത്തനാകുന്നു. എന്നാൽ അവൻ അനുതപിച്ച് ദൈവാനുഗ്രഹം പ്രാപിക്കുന്നു.

ദൈവത്തോട് പരിജ്ഞാനവും വിവേകവും ചോദിച്ചുവാങ്ങിയ ശലോമോൻ പാപത്തിന്നടിമയായി ശാപഗ്രസ്ഥനായിത്തീർന്നു. അഹംഭാവി

പി.റ്റി. കുരുവിള
മാർത്തോമ്മാ ചർച്ച് പന്തളം

# ചിന്താകുലങ്ങൾ



യായ നയമാൻ കുഷ്ഠരോഗബാധിതനാവുകയും വിഷാദത്തിലാവുകയും ചെയ്തു. രാജപുരോഹിതന്മാരുടെ മുന്നറിയിപ്പ് വകവെയ്ക്കാതെ ഉസ്സിയാ രാജാവും ദൈവകോപത്തിനിരയായിത്തീർന്നു.

തലമുറകളിൽ കൂടെ നഷ്ടപ്പെട്ട തേജസ്സിന്റെ വസ്ത്രം ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ച് കാൽവറിയിൽകൂടെ നമ്മെ ധരിപ്പിച്ചു. എന്നാൽ പാപസ്വഭാവമുള്ളവരായ നാം ഇന്നും ആ മഹത്വം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പൗലോസ് അപ്പോസ്തലൻ പറയുന്നത് ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവയൊക്കെയും നമ്മെ ദൈവത്തിൽനിന്നും അകറ്റുന്നു. ദൈവീകതേജസ്സ് കെടുത്തിക്കളയുന്നു.

സമ്പത്ത് ആർജ്ജിക്കുവാനുള്ള അമിതമായ താൽപര്യം മോഹങ്ങൾക്കും അതുവഴി മോഹഭംഗങ്ങൾക്കും ഇടയാക്കുന്നു. കർത്താവ് ധനവാന്റെ ഉപമയിൽ കൂടെ ശിഷ്യന്മാരെ ഗുണപാഠം പഠിപ്പിക്കുന്നു. ധനവാന്റെ ധാന്യങ്ങൾ വർദ്ധിച്ചപ്പോൾ അവന് ആകുലചിന്ത വർദ്ധിക്കുന്നു. കളപ്പുരകൾ പൊളിച്ചുപണിതു ശേഖരിച്ചുവയ്ക്കുന്ന അവൻ തലമുറകൾക്ക് കഴിയുവാനുള്ള വകകളെപ്പറ്റി മനക്കോട്ട കെട്ടുന്നു. എന്നാൽ ദൈവം അവനെ മൂഢാ... എന്ന് സംബോധന ചെയ്യുന്നു. ദൈവവിഷയമായി സമ്പന്നനാവാത്തവന്റെ അവസ്ഥ കർത്താവ് ഇതിൽകൂടി നമ്മെയും പഠിപ്പിക്കുന്നു.

ക്രിസ്ത്യാനികളെ പീഡിപ്പിച്ച് സ്തെഫാനൊസിനെ നിഗ്രഹിക്കുവാൻ നേതൃത്വം കൊടുത്ത ശൗൽ ആകുലചിത്തനായി പ്രയാണം ചെയ്യുമ്പോൾ അവൻ കർത്താവിനാൽ പിടിക്കപ്പെട്ട് പൗലോസായി മാറിയപ്പോൾ ധനാഢ്യനായിരുന്ന പൗലോസ് ക്രിസ്തു നിമിത്തം സകലതും ചപ്പും ചവറും എന്നെണ്ണി. ചഞ്ചലമാനസനായിരുന്ന പത്രോസും ക്രിസ്തുവിനാൽ യഥാസ്ഥാനപ്പെടുന്നു.

1 പത്രോസ് 5:7 – "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ". ഒരു ചിന്തകൻ ഇപ്രകാരം അഭിപ്രായപ്പെടുന്നു. – Worry is the worship to wrong God. (ആകുലചിന്ത അന്യ ദൈവ ആരാധനയാണെന്ന്).

സുപ്രസിദ്ധ സാമ്പത്തികശാസ്ത്രജ്ഞനും സാഹിത്യകാരനുമായിരുന്ന ബർണാഡ്ഷാ പറഞ്ഞിരിക്കുന്നത് – "Where wealth accumulates man decay' – എവിടെ സമ്പത്ത് കുന്നുകൂടുന്നുവോ അവിടെ മനുഷ്യനും നശിക്കുന്നു – സമ്പത്ത് വർദ്ധിക്കുന്നതോടുകൂടി ആകുലചിന്ത കുന്നുകൂടി അവനെ നശിപ്പിക്കുന്നു.

## Trust - വിശ്വാസം

വിശ്വാസം = ശ്വാസത്തിലും വിശുദ്ധിയോടുകൂടി ജീവിക്കുക

**TRUST**

| | | |
|---|---|---|
| T | - Testemony | ദൈവകല്പന അനുസരിച്ച് ജീവിക്കുക |
| R | - Responsible | ദൈവത്തോടുള്ള കടമ നിർവ്വഹിച്ച് ജീവിക്കുക |
| U | - Understanding | ദൈവത്തെ മനസ്സിലാക്കി ജീവിക്കുക |
| S | - Sincere | ആത്മാർത്ഥതയോടെ ജീവിക്കുക |
| T | - Truth | സത്യത്തോടെ ജീവിക്കുക |

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും**

**2018 നവംബർ 20–നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2019 ജനുവരി – മാർച്ച്**

**വിഷയം : വചനം – രൂപാന്തരത്തിന്റെ ചാലകശക്തി**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ്–9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ–691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# പ്രശ്നോത്തരി

## കഴിഞ്ഞ ലക്കത്തിലെ വിജയി

**അന്നമ്മ കോശി, ഐരാണിക്കുഴി എം.റ്റി.സി.**

1. ഡെയ്സി വർഗീസ് - കോഴിക്കോട് സെന്റ് തോമസ്
2. ജോബിൻ പാപ്പച്ചൻ - തേവലക്കര ഹെബ്രോൻ
3. കുഞ്ഞുമോൾ സാം - വെട്ടിയാർ സെന്റ് തോമസ്
4. ബറ്റിനാ ജോസഫ് - കോട്ടറ സെന്റ് പോൾസ്
5. ജസ്റ്റീന ജോൺ - പൂങ്കുളഞ്ഞി സെന്റ് പോൾസ്
6. സോണിയ ബിജി - കലയപുരം ശാലേം
7. ജയ്ജി സജി - വാത്തികുളം ബഥേൽ
8. ജിൻസ് ജോയി - കുളക്കട സെന്റ് തോമസ്
9. ഷേർളി തോമസ് - കുറത്തികാട് സെന്റ് തോമസ്
10. ലാലി വർഗ്ഗീസ് - ഞക്കനാൽ
11. രാജൻ എ.കെ. - പുതുവൽ സെന്റ് തോമസ്
12. ബീജ ജേക്കബ് - ചുനക്കര എം.റ്റി.സി.
13. അജോ ജെ - കോഴിക്കോട് സെന്റ് തോമസ്
14. ജിനു ജയിംസ് - തഴവ എം.റ്റി.സി.
15. വർഗ്ഗീസ് പി.ജെ. - കായംകുളം
16. തോമസ് ജോർജ്ജ് - പത്തനാപുരം ഇമ്മാനുവേൽ
17. ജൂലി മാത്യു - ഷാർജ എം.റ്റി.സി.
18. ജമ്മി ഷിബു - കണ്ണംകോട് എം.റ്റി.സി.
19. ജിനി ജെയിംസ് - കോഴിക്കോട് സെന്റ് തോമസ്
20. മറിയാമ്മ തോമസ് - പള്ളിക്കൽ സെന്റ് തോമസ്
21. സീനാ സജി - കുറത്തികാട് സെന്റ് തോമസ്
22. ലീജ സന്തോഷ് - ചുനക്കര സെന്റ് തോമസ്
23. ജെസി ജോൺസൺ - ഏനാത്ത് എം.റ്റി.സി.
24. സിസി ജോർജ്ജ് - പള്ളിക്കൽ സെന്റ് തോമസ്
25. എൽസി ജേക്കബ് - പത്തനാപുരം ഇമ്മാനുവേൽ
26. ഗ്രേസി ജോൺസൺ - അതിരുങ്കൽ ശാലേം
27. അക്സാ മെറിൻ ഏബ്രഹാം - തേവലക്കര ഹെബ്രോൻ
28. അനു കുഞ്ഞുമോൻ - കറ്റാനം സെന്റ് തോമസ്
29. അലീനാ ജോൺസൺ - കലയപുരം ശാലേം
30. സാറാമ്മ ഏബ്രഹാം - തേവലക്കര മാർത്തോമ്മാ വലിയപള്ളി
31. എലിസബേത്ത് ജോൺസൺ - കൊല്ലക എം.റ്റി.സി.
32. റോസമ്മ തങ്കച്ചൻ - കോഴിക്കോട് സെന്റ് തോമസ്
33. റീത്താ ചെറിയാൻ - മുട്ടം ശാലേം
34. അന്നമ്മ കോശി - കൊടുമൺ സെഹിയോൻ
35. ആലീസ് തോമസ് - തേവലക്കര ഇമ്മാനുവേൽ
36. അഖിൽ ജോർജ്ജ് മാത്യു - കോഴിക്കോട് സെന്റ് തോമസ്
37. സി. കുഞ്ഞുമോൻ - താമരക്കുളം സെന്റ് തോമസ്
38. റീനാ ബിജി - കണ്ണംകോട് എം.റ്റി.സി.
39. ലളിത ജെയിംസ് - ചുനക്കര സെന്റ് തോമസ്
40. ജോബിൻ പാപ്പച്ചൻ - തേവലക്കര ഹെബ്രോൻ
41. പി.ജി. മാത്യു - കോഴിക്കോട്
42. ജിജി ബാബു - ചുനക്കര സെന്റ് തോമസ്
43. ലില്ലിക്കുട്ടി യോഹന്നാൻ - വെസ്റ്റ് കല്ലട ഇമ്മാനുവേൽ
44. ലില്ലി തോമസ് - ചാച്ചിപ്പുന്ന ശാലേം
45. സൂസമ്മ ജോൺ - കായംകുളം ശാലേം
46. എയിൻഞ്ചല സാറാ ജോൺ - പിറവന്തൂർ സെന്റ് തോമസ്
47. വൽസ മാത്യു - കണ്ണകോട് എം.റ്റി.സി.
48. ലാലി തോമസ് - തേവലക്കര ഇമ്മാനുവേൽ
49. അഷിൻ ജോൺ അനിയൻകുഞ്ഞ് - വെസ്റ്റ് കല്ലട എം.റ്റി.സി.
50. ബെന്നി മാത്യു - കറ്റാനം എം.റ്റി.സി.
51. ആഷാ രാജു - ഏനാത്ത് എം.റ്റി.സി.
52. ആനി അലക്സാണ്ടർ - കറ്റാനം സെന്റ് തോമസ്
53. പി.റ്റി. തോമസ് - പത്തനാപുരം ഇമ്മാനുവേൽ
54. കെ.എസ്. തോമസ് - ചുനക്കര എം.റ്റി.സി.
55. ജിയ മറിയം ബാബു - ചുനക്കര എം.റ്റി.സി.
56. അമ്മിണി ഡേവിഡ് - ചാച്ചിപ്പുന്ന ശാലേം
57. ലതാ ജോർജ്ജ് - ചാച്ചിപ്പുന്ന ശാലേം
58. ഗ്രേസി തോമസ് - ചുനക്കര സെന്റ് തോമസ്
59. ലീലാമ്മ സൈമൺ - ചുനക്കര സെന്റ് തോമസ്
60. ആനി ജോൺ - കൂടൽ ബഥേൽ എം.റ്റി.സി.
61. റ്റി.എൻ. വർഗ്ഗീസ് - കൊടുമൺ സെഹിയോൻ
62. ഉഷാ അലക്സ് - കലയപുരം ശാലേം
63. അന്നമ്മ കോശി - ഐരാണിക്കുഴി എം.റ്റി.സി.
64. മറിയം നൈനാൻ - പള്ളിക്കൽ എം.റ്റി.സി.
65. കുഞ്ഞുമോൾ സാം - വെട്ടിയാർ
66. ലിസി ജോൺ - കറ്റാനം സെന്റ് തോമസ്
67. ഏലിയാമ്മ ജേക്കബ് - വാത്തികുളം ബഥേൽ
68. കെ.ഒ. ശമുവേൽകുട്ടി - മുട്ടം ശാലേം
69. ശാന്തമ്മ ജോൺ - അടൂർ ഇമ്മാനുവേൽ
70. പ്രമീള സൂസൻ മാത്യു - കോഴിക്കോട്
71. ബിന്ദു സാബു - കൊറ്റനല്ലൂർ ശാലേം
72. മോളി കുഞ്ഞുമോൻ - താമരക്കുളം സെന്റ് തോമസ്
73. ഗ്രേസി ബാബു - അങ്ങാടിക്കൽ ശാലേം
74. ഷേർളി സാം ജോർജ്ജ് - കൊടുമൺ എം.റ്റി.സി.
75. സിജി വിൽസൺ - കുളക്കട സെന്റ് തോമസ്
76. സില്ല ജോൺസൺ - അരിനല്ലൂർ ബഥേൽ
77. മേഴ്സി മാത്യു - കൂടൽ ബഥേൽ
78. നിഷ സൂസൻ മാത്യു - പള്ളിക്കൽ സെന്റ് തോമസ്
79. കെ.ജി. രാജൻ - തേവലക്കര ഇമ്മാനുവേൽ
80. ഡോ. റിജോ സൈമൺ തോമസ് - കോഴിക്കോട് സെന്റ് തോമസ്
81. അമ്മിണിക്കുട്ടി ജോൺ - കൊടുമൺ സെഹിയോൻ
82. ബീനാ തോമസ് - കറ്റാനം സെന്റ് തോമസ്
83. പൊന്നമ്മ തോമസ് - കോഴിക്കോട് സെന്റ് തോമസ്
84. ജസ്നി സതീഷ് - തേവലക്കര വലിയപള്ളി
85. സാലി ഷാജി - കൊറ്റനല്ലൂർ ശാലേം
86. ഡോ. ലയ സാറ മാത്യു - കോഴിക്കോട് സെന്റ് തോമസ്
87. പി.ജി. തോമസ് - കോഴിക്കോട് സെന്റ് തോമസ്
88. ബ്രൈറ്റി ഷിജോ - കൊല്ലക സെന്റ് തോമസ്
89. ഷോഹിൽ സാംസൺ - കറ്റാനം സെന്റ് തോമസ്
90. കുഞ്ഞുമോൾ ഫിലിപ്പോസ് - കണ്ണകോട് എം.റ്റി.സി.
91. അന്നമ്മ മാത്യു - പൂങ്കുളഞ്ഞി സെന്റ് പോൾസ്
92. ബോബി ബെന്നി - കുന്നിട സെന്റ് തോമസ്
93. ഡാനിയേൽ തോമസ് - മണ്ണടി എം.റ്റി.സി.
94. ആനി വർഗ്ഗീസ് - പുതുവൽ സെന്റ് തോമസ്
95. ജോഷ്വാ റ്റി. - പറക്കോട് ഇമ്മാനുവേൽ
96. റാഹേലമ്മ വർഗ്ഗീസ് - കറ്റാനം സെന്റ് തോമസ്
97. ചാക്കോ വർഗ്ഗീസ് - കറ്റാനം സെന്റ് തോമസ്
98. ശോഭാ റെജി - കൊറ്റനല്ലൂർ ശാലേം
99. ലീലാമ്മ ഫിലിപ്പ് - ചുനക്കര സെന്റ് തോമസ്
100. പൊന്നമ്മ തോമസ് - ചാച്ചിപ്പുന്ന ശാലേം
101. ഗീതാ പി. സൈമൺ - കോഴിക്കോട് സെന്റ് തോമസ്
102. സുനി സജു - ചുനക്കര സെന്റ് തോമസ്
103. അച്ചാമ്മ ജോൺ - വെട്ടിയാർ സെന്റ് തോമസ്
104. ആലീസ് തോമസ് - അരിനല്ലൂർ എം.റ്റി.സി.
105. ആനി ബിൻസ് - കുന്നിട സെന്റ് തോമസ്
106. മേരിക്കുട്ടി ഏബ്രഹാം - വാത്തികുളം ബഥേൽ

### കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. മാതൃകാപരമായ ജീവിതത്തിലേക്ക്
2. പൂർണ്ണമല്ല
3. വർണ്ണങ്ങൾ
4. മരണമില്ലാത്തവൻ
5. വെല്ലുവിളികളുള്ള ലോകത്തിലേക്ക്
6. നിർജ്ജീവമായ ഒരു ചൂണ്ടുപലകയല്ല
7. ഓർമ്മകൾ ജീവിക്കുകയാണ്

### ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. മനുഷ്യനിൽ ഇന്ന് ഏറ്റവും മാറ്റപ്പെടേണ്ട ഭാവം?
2. നവീകരണ കർത്താക്കൾ സഭയിൽ ശ്രദ്ധയൂന്നിയ പ്രധാന മേഖല?
3. ഇന്നും സ്ത്രീകളെ തടവറയിൽ ഇടുന്നതെന്ത്?
4. ആരോഗ്യമുള്ളവരെല്ലാം എന്തിലാണ്?
5. വിശ്വാസത്തിന്റെ ആദ്യപടി?
6. ഭൂമിയിൽ മനുഷ്യനുമാത്രമുള്ള സ്വഭാവവൈകല്യം?
7. അപ്പോസ്തല പ്രവൃത്തികൾ എന്തിന്റെ സാക്ഷ്യപത്രമാണ്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2018 നവംബർ 20**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അത്ഭുതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. **– എഡിറ്റർ**

# ജന്മദിനാശംസകൾ



അഭിവന്ദ്യ ഡോ. യുയാക്കീം മാർ
കുറിലോസ് എപ്പിസ്കോപ്പാ
നവംബർ 25



അഭിവന്ദ്യ തോമസ് മാർ
തിമൊഥെയോസ് എപ്പിസ്കോപ്പാ
ഡിസംബർ 13



അഭിവന്ദ്യ ഡോ. ഐസക് മാർ
ഫിലക്സിനോസ് എപ്പിസ്കോപ്പാ
ഡിസംബർ 5



തറയിൽകടവ് മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച കമ്പ്യൂട്ടർ ക്ലാസ്

The children from the coastal region of Tharayilkkadavu, Valiyazheekhal in Kayamkulam made the collage using the photos from Malayala Manorama newspapers. They believe that time should not erase the trail left by the disaster from our minds and we should use the experiences to rebuild a better future for the state. The region had suffered previously due to the tsunami of 2004. Once again, the children of the sea faring men are setting an example for the rest of the world with this message. About 65 children attend the Marthoma Centre for tuition under the guidance of Rev Samuel Varghese, and Bro.Lijo Jose.
Taken this year in the morning on Tuesday, September 11. Made with http://www.adobe.com/go/psx



# Vadakkadathu

## PAINTS & ELECTRICALS

A&A TOWER, NEAR FEDERAL BANK, ENATHU
PHONE : 04734 213334, 8129656314, 9446286747

**2018 സെപ്തംബർ 12 ബുധൻ**
രാവിലെ 10.00 മണിക്ക് **മാർത്തോമ്മാ** സഭ അടൂർ ഭദ്രാസന ബിഷപ്പ്
**ഡോ. ഏബ്രഹാം മാർപൗലോസ് തിരുമേനി**
ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.
പ്രസ്തുത സ്ഥാപനത്തിൽ ദൈവാലയങ്ങൾക്കും മറ്റ് പൊതുസ്ഥാപനങ്ങൾക്കും
പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്





Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas